മി. സ്പീക്കർ: ഓർഡർ... ഓർഡർ..., ചോദ്യം നമ്പർ *301.

ചോദ്യം നമ്പർ *301-ഉം *316-ഉം ക്ലബ് ചെയ്യാൻ വേണ്ടി ബഹുമാനപ്പെട്ട അംഗം ശ്രീ. ചിറ്റയം ഗോപകുമാർ നോട്ടീസ് നൽകിയിട്ടുണ്ട്. ചോദ്യം സമാനമല്ലാത്തതിനാൽ ക്ലബ്ബിംഗ് അനുവദിക്കുന്നില്ല.

ഭക്ഷ്യ ഭദ്രതാ നിയമത്തിലെ മാനദണ്ഡങ്ങൾ

1 (*301) ശ്രീ.എൽദോസ് കുന്നപ്പിള്ളി:
ശ്രീ. അനൂപ് ജേക്കബ്:
ശ്രീ. അടൂർ പ്രകാശ്:
ശ്രീ. പി. ടി. തോമസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തിന്റെ പ്രശ്നങ്ങൾ പരിഗണിച്ച് ഭക്ഷ്യ ഭദ്രതാ നിയമത്തിലെ മാനദണ്ഡങ്ങൾ പരിഷ്കരിക്കണമെന്ന് കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഏതൊക്കെ മാനദണ്ഡങ്ങൾ പരിഷ്കരിക്കണമെന്നാണ് ആവശ്യപ്പെട്ടിട്ടുള്ളത്; വിവരിക്കുമോ;

(സി) സംസ്ഥാനത്തിന്റെ ഈ ആവശ്യങ്ങൾ നേടിയെടുക്കുന്നതിന് എന്തെല്ലാം നടപടികൾ കൈക്കൊണ്ടിട്ടുണ്ട്; ആവശ്യങ്ങളിന്മേലുള്ള കേന്ദ്ര പ്രതികരണം എന്തെന്ന് വിശദമാക്കുമോ?

ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി (ശ്രീ. പി. തിലോത്തമൻ): സർ,

(എ-സി) ഭക്ഷ്യ ഭദ്രതാ നിയമപ്രകാരം സംസ്ഥാനത്തിന് പ്രതിവർഷം ലഭ്യമായിക്കൊണ്ടിരിക്കുന്ന ഭക്ഷ്യധാന്യങ്ങളുടെ അളവ്, അഡ്ഹോക് വിഹിതമുൾപ്പെടെ സംസ്ഥാനത്തിന് കഴിഞ്ഞ സാമ്പത്തിക വർഷങ്ങളിൽ ലഭിച്ചുകൊണ്ടിരുന്ന ഭക്ഷ്യധാന്യങ്ങളുടെ അളവിനേക്കാൾ കുറവായതിനാൽ, ഭക്ഷ്യ ഭദ്രതാ നിയമ പ്രകാരം സംസ്ഥാനത്തിന് ലഭ്യമാകുന്ന ഭക്ഷ്യധാന്യത്തിന്റെ അളവ് പുനർനിർണ്ണയിക്കുന്നതിനും സംസ്ഥാനത്തെ മുഴുവൻ ആളുകൾക്കും റേഷൻ നൽകുന്നതിനാവശ്യമായ ഭക്ഷ്യധാന്യം നൽകുന്നതിന് നടപടി സ്വീകരിക്കണമെന്നും കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെടുകയും വകുപ്പുതലത്തിലും ബഹു. മുഖ്യമന്ത്രി തലത്തിലും കേന്ദ്ര സർക്കാരുമായി ടി വിഷയത്തിൽ നേരിട്ട് കൂടിക്കാഴ്ചകൾ നടത്തുകയും ചെയ്തിട്ടുണ്ട്. പൊതുമാനദണ്ഡമനുസരിച്ചാണ് അധികവിഹിതം തീരുമാനിച്ചിട്ടുള്ളത് എന്നതിനാൽ കേരളത്തിന് മാത്രമായി ഇക്കാര്യത്തിൽ മാറ്റം വരുത്താൻ കഴിയില്ലായെന്ന് കേന്ദ്രം അറിയിച്ചു. എന്നാൽ OMSS നിരക്കിൽ കൂടുതൽ ഭക്ഷ്യധാന്യം ലഭ്യമാക്കി സംസ്ഥാനത്ത് വിതരണം നടത്തുന്നുണ്ട്.

ശ്രീ. എൽദോസ് കുന്നപ്പിള്ളി: സർ, ഭക്ഷ്യ ഭദ്രതാ നിയമ പ്രകാരം ജി.പി.എസ്. ട്രാക്കിംഗ് സിസ്റ്റം, ട്രാൻസ്പാരൻസി പോർട്ടൽ, പരാതി പരിഹാര

സംവിധാനം, വിജിലൻസ് കമ്മിറ്റി രൂപീകരണം തുടങ്ങിയ സംവിധാനങ്ങൾ റേഷൻ വിതരണ മേഖലയിൽ എന്നത്തേക്ക് നടപ്പിലാക്കുവാൻ കഴിയും; ഇതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചു?

ശ്രീ. പി. തിലോത്തമൻ: സർ, ജി.പി.എസ്. സംവിധാനം നടപ്പിൽ വരുത്തുന്നതിനുവേണ്ടിയിട്ടുള്ള ടെണ്ടർ നടപടികൾ പുരോഗമിച്ചുകൊണ്ടിരിക്കുക യാണ്. അതുപോലെ ഇ.പി.എസ്. മെഷീൻ സ്ഥാപിക്കുന്നതിനുള്ള ടെണ്ടർ നടപടികളും പുരോഗമിച്ചുകൊണ്ടിരിക്കുകയാണ്. ജൂൺ, ജൂലായ് മാസത്തോടെ ഈ രണ്ടു ഘടകങ്ങളും പ്രാവർത്തികമാക്കാൻ കഴിയുമെന്നാണ് കരുതുന്നത്.

ശ്രീ. എൽദോസ് കുന്നപ്പിള്ളി: സർ, പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടവരും മത്സ്യത്തൊഴിലാളികളും അംഗവൈകല്യമുള്ളവരും മുൻഗണനാപ്പട്ടികയിൽ നിന്ന് പുറത്തായപ്പോൾ അനർഹരായ പലരും മുൻഗണനാ പട്ടികയിൽ വരികയുണ്ടായി. ഇത് എപ്രകാരം സംഭവിച്ചുവെന്ന് സർക്കാർ പരിശോധിച്ചിട്ടുണ്ടോ; ഇത് കുറക്കുവാൻ ചെയ്യുവാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചു?

ശ്രീ. പി. തിലോത്തമൻ: സർ, അർഹതയുള്ള കുറച്ചു വിഭാഗം ആളുകൾ മുൻഗണനാപ്പട്ടികയിൽ നിന്ന് ഒഴിവായതായി കണ്ടിട്ടുണ്ട്. അത് പരിശോധിച്ചുവരികയാണ്. അവരുടെയെല്ലാം അപ്പീലുകൾ ലഭ്യമായിട്ടുണ്ട്. അത്

സ്ക്രൂട്ടണൈസ് ചെയ്ത് അവശ്യമായ അന്വേഷണം നടത്തി അതിന്മേൽ തീർപ്പ് കൽപ്പിക്കും.

ശ്രീ. അനൂപ് ജേക്കബ്: സർ, ഇവിടെ അങ്ങ് നൽകിയ മറുപടിയിൽ കൂടുതൽ ഭക്ഷ്യധാന്യങ്ങൾ ആവശ്യപ്പെട്ടുകൊണ്ട് കേന്ദ്രത്തെ സമീപിച്ചിട്ടുണ്ടെന്ന് പറയുകയുണ്ടായി. നമുക്ക് കൂടുതൽ ഭക്ഷ്യധാന്യം ആവശ്യമാണ്. ഏകദേശം 14 ലക്ഷം ടൺ ഭക്ഷ്യധാന്യങ്ങൾ നമുക്ക് ലഭ്യമായിട്ടുണ്ട്. ഇപ്പോഴുള്ള ബോഗസ് കാർഡുകളെല്ലാം ഒഴിവാക്കിക്കഴിഞ്ഞാൽ OMSS-നെ ആശ്രയിക്കാതെ തന്നെ യു.ഡി.എഫ്.-ന്റെ കാലത്ത് കൊടുത്തിരുന്നതുപോലെ 8 മുതൽ 10 കിലോ ധാന്യം നോൺ പ്രയോറിറ്റി വിഭാഗത്തിന് സ്ഥിരമായി കൊടുക്കാനുള്ള സാഹചര്യമുണ്ടാകുമോ; അതിന്റെ സാദ്ധ്യതകൾ ഗവൺമെന്റ് പരിശോധിച്ചിട്ടുണ്ടോ?

ശ്രീ. പി. തിലോത്തമൻ: സർ, ഭക്ഷ്യ ഭദ്രതാ നിയമത്തിന്റെ അടിസ്ഥാനത്തിൽ ഇപ്പോൾത്തന്നെ ധാന്യവിതരണം തുടങ്ങിയിട്ടുണ്ട്. കഴിഞ്ഞ മാസം മുതൽ 8 കിലോഗ്രാം ധാന്യം നോൺ പ്രയോറിറ്റി/നോൺ സബ്സിഡി വിഭാഗത്തിന് കൊടുത്തുകൊണ്ടിരിക്കുകയാണ്.

ശ്രീ. അടൂർ പ്രകാശ്: സർ, സിവിൽ സപ്ലൈസ് കോർപ്പറേഷന്റെ നേതൃത്വത്തിൽ ഒരു ഗോതമ്പ് സംസ്കരണ കേന്ദ്രം പ്രവർത്തിക്കുന്നുണ്ട്. ഗോതമ്പ്

ആട്ടയാക്കി റേഷൻ കടകളിലൂടെ ചുരുങ്ങിയ വിലയ്ക്ക് കൊടുക്കുന്നതിനു വേണ്ടിയാണ് ആ സംസ്കരണ കേന്ദ്രം ആരംഭിച്ചത്. എന്നാൽ ഗോതമ്പ് ലഭിക്കുന്നില്ല എന്നതുകൊണ്ട് കഴിഞ്ഞ ഡിസംബർ മുതൽ ആ സ്ഥാപനം അടച്ചുപൂട്ടിയിരിക്കുകയാണ്. അതേസമയം ലോക്കൽ മാർക്കറ്റിൽ ആട്ട വളരെ ഉയർന്ന വിലയ്ക്ക് വിൽക്കുന്നതായിട്ടാണ് കാണാൻ കഴിയുന്നത്. സിവിൽ സപ്ലൈസ് കോർപ്പറേഷനിൽനിന്നും 15 രൂപയ്ക്ക് താഴെ റേഷൻ കടകളിലൂടെ വിതരണം ചെയ്യുന്നത്, പുറത്ത് പ്രൈവറ്റ് ഏജൻസികൾ 40 രൂപയ്ക്കും 50 രൂപയ്ക്കും വിതരണം ചെയ്തുകൊണ്ടിരിക്കുന്ന ഒരു അവസ്ഥ ഇന്ന് നിലനിൽക്കുകയാണ്. ഭക്ഷ്യ ഭദ്രതാ നിയമം നടപ്പാക്കുമ്പോൾ രണ്ടുരൂപയ്ക്ക് ഗോതമ്പ് ലഭിക്കുമെന്നാണ് പറഞ്ഞിട്ടുള്ളത്. അതിനാൽ ഗോതമ്പ് സിവിൽ സപ്ലൈസ് കോർപ്പറേഷന്റെ ഗോതമ്പ് സംസ്കരണ കേന്ദ്രത്തിൽ എത്തിച്ചുകൊടുക്കുവാനും അവിടെ നിന്ന് അത് സംസ്കരിച്ച് റേഷൻ കടകളിലൂടെ കൊടുക്കുന്നതിനുമുള്ള നടപടി ഗവൺമെന്റ് അടിയന്തരമായി സ്വീകരിക്കുമോ എന്നുള്ളതാണ് എന്റെ ചോദ്യം.

ശ്രീ. പി. തിലോത്തമൻ: സർ, കേന്ദ്രഗവൺമെന്റ് ജനുവരി മാസം മുതൽ മാർച്ച് മാസം വരെയുള്ള മൂന്നുമാസക്കാലം ടൈഡ് ഓവർ അലോട്ട്മെന്റിൽ ഗോതമ്പ് നൽകിയിരുന്നില്ല. ആ സന്ദർഭത്തിൽ ഗോതമ്പിനുപകരം അരിയാണ് നമുക്ക്

നൽകിയത്. ഇപ്പോൾ ഏപ്രിൽ മുതൽ ഗോതമ്പ് ലഭ്യമായി തുടങ്ങിയിട്ടുണ്ട്. ഗോതമ്പ് ആട്ടയാക്കി നൽകുന്നതിനുള്ള നടപടികൾ പരിശോധിച്ചു കൊണ്ടിരിക്കുകയാണ്. താമസിയാതെത്തന്നെ അതിന്മേൽ തീരുമാനം കൈക്കൊള്ളും.

ശ്രീ. പി. ടി. തോമസ്: സർ, 2013 സെപ്റ്റംബർ 12-ന് ഭക്ഷ്യ ഭദ്രതാ നിയമം നിലവിൽ വന്നപ്പോൾ ഇന്ത്യയിലെ മൂന്നിൽ രണ്ട് വരുന്ന 80 കോടിയോളം ജനങ്ങൾക്ക് മൂന്ന് രൂപ നിരക്കിൽ അഞ്ച് കിലോ അരിയും രണ്ട് രൂപ നിരക്കിൽ ഗോതമ്പും ഒരു രൂപാ നിരക്കിൽ മറ്റ് ധാന്യങ്ങളും കൊടുക്കണമെന്നുള്ള സങ്കല്പമായിരുന്നു. ഏകദേശം 1.5 ലക്ഷം കോടി രൂപയാണ് ഇതിനായി മാറ്റിവച്ചിരുന്നത്. ഈ പദ്ധതി നടപ്പാക്കുന്നതുമായി ബന്ധപ്പെട്ടുള്ള പ്രധാന മാറ്റം മൊത്ത വിതരണ മേഖലയെ ഇല്ലായ്മ ചെയ്യുക അല്ലെങ്കിൽ വാതിൽപ്പടി വിതരണം എന്നുള്ളതായിരുന്നു. ഈ വാതിൽപ്പടി വിതരണം അട്ടിമറിക്കാനുള്ള ബോധപൂർവ്വമായ ശ്രമം നടക്കുന്നുവെന്ന ആക്ഷേപം ശക്തമാണ്. ഇതുമായി ബന്ധപ്പെട്ട് സംസ്ഥാന ഗവൺമെന്റ് 428 കോടി രൂപയുടെ ഒരു പാക്കേജ് പ്രഖ്യാപിച്ചിരുന്നു. ആ പാക്കേജിൽ കമ്മീഷൻ വർദ്ധനവ്, ഇൻസെന്റീവ്, സ്പോട്ട് പേയ്മെന്റ്, ഇടക്കാലാശ്വാസം തുടങ്ങിയ നിരവധി കാര്യങ്ങൾ മുന്നോട്ടുവച്ചിരുന്നു. ഇവ നിലനിൽക്കുമ്പോൾ തന്നെ വാതിൽപ്പടി വിതരണത്തിനെതിരെ സ്വകാര്യ

മൊത്തവ്യാപാരികൾ ഹൈക്കോടതിയിൽ ഒരു ഹർജി ഫയൽ ചെയ്തു. ആ ഹർജിയിൽ വ്യാപാരികൾക്ക് അനുകൂലമായിട്ടുള്ള നിലപാടാണ് സംസ്ഥാന ഗവൺമെന്റ് എടുത്തിരിക്കുന്നതെന്ന ശക്തമായ ആക്ഷേപമുണ്ട്. ഇതിനെ സംബന്ധിച്ച് ഗവൺമെന്റിന്റെ അഭിപ്രായമെന്തെന്ന് വ്യക്തമാക്കുമോ?

ശ്രീ. പി. തിലോത്തമൻ: സർ, ഭക്ഷ്യ ഭദ്രതാ നിയമം രാജ്യത്ത് നടപ്പിലാകുന്നത് 2012-ൽ അല്ല, 2013 ജൂലൈ 5 മുതലാണ്. ആ നിയമം നമ്മുടെ സംസ്ഥാനത്ത് നടപ്പിലാക്കാൻ വളരെ വൈകി. വൈകിയതിന്റെ കാരണം ഞാൻ പറയേണ്ടതില്ലല്ലോ, എല്ലാവർക്കും അറിയാവുന്ന കാര്യമാണ്. ആ നിയമം നടപ്പിൽ വരുത്തുവാനുള്ള വലിയ ശ്രമമാണ് ഇവിടെ നടത്തിക്കൊണ്ടിരിക്കുന്നത്. എല്ലാ ഘടകങ്ങളോടുംകൂടി ഭക്ഷ്യ ഭദ്രതാ നിയമം നടപ്പിലാക്കുവാൻ വേണ്ടിയുള്ള ഭഗീരഥ പ്രയത്നത്തിലാണ് ഭക്ഷ്യവകുപ്പും ഗവൺമെന്റും. ഇതിൽ ഏതെങ്കിലും ഒരു ഘടകം ഒഴിവാക്കിക്കൊണ്ട് ഭക്ഷ്യഭദ്രതാ നിയമം നടപ്പിലാക്കുക എന്നുള്ളത് ഗവൺമെന്റിന്റെ നയമല്ല. മാർച്ച് മാസത്തിൽ കൊല്ലം ജില്ലയിലാണ് വാതിൽപ്പടി വിതരണം ആരംഭിച്ചത്. തുടർന്ന് ആറ് ജില്ലകളിൽ കൂടി ഈ മാസം ആരംഭിച്ചു. ബാക്കിയുള്ള ഏഴ് ജില്ലകളിൽ വാതിൽപ്പടി വിതരണം നടത്തുന്നതിനുള്ള ധാന്യസംഭരണം സിവിൽ സപ്ലൈസ് കോർപ്പറേഷൻ നേരിട്ട് ഈ മാസം മുതൽ

നടത്തിക്കൊണ്ടിരിക്കുകയാണ്. അടുത്ത മാസമാകുമ്പോൾ ആ ഏഴ് ജില്ലകളിലും വാതിൽപ്പടി വിതരണം നടത്തും. ഇവിടെ വാതിൽപ്പടി വിതരണം നടത്തുന്നതുമായി ബന്ധപ്പെട്ട് ഒരു അട്ടിമറിയുമില്ല. ഹോൾസെയിൽ വ്യാപാരികൾ കോടതിയെ സമീപിച്ചുവെന്നുള്ളത് ശരിയാണ്. അവർ കൊടുത്ത 10 കേസ്സുകളും തള്ളിക്കൊണ്ട് ഗവൺമെന്റിന് അനുകൂലമായ നടപടിയാണ് ഹൈക്കോടതി സ്വീകരിച്ചത്. ഇനി ഒരു കേസും നിലവിൽ ബാക്കിയില്ല.

ശ്രീ. എ. പി. അനിൽ കുമാർ: സർ, കേന്ദ്ര ഗവൺമെന്റിൽ നിന്ന് നമുക്ക് ലഭിക്കേണ്ടതായ അരി മുഴുവനായി വാങ്ങുന്ന കാര്യത്തിൽ വിജയിക്കാൻ കഴിഞ്ഞില്ല എന്നൊരു യാഥാർത്ഥ്യം നമ്മുടെ മുന്നിലുണ്ട്. പുതിയ സാഹചര്യത്തിൽ ഏതാണ്ട് 13000-ത്തോളം പേർക്ക് റേഷൻ കാർഡുണ്ടെങ്കിലും അവർ റേഷൻ വാങ്ങുന്നവരല്ല അല്ലെങ്കിൽ അതിന്റെ ആവശ്യമില്ല എന്ന് കഴിഞ്ഞ ദിവസം അങ്ങ് തന്നെ ഒരു പ്രസ്താവന നടത്തി. യഥാർത്ഥത്തിൽ പ്രശ്നമതാണെന്നുള്ളത് അപ്പുറത്തും ഇപ്പുറത്തുമൊക്കെ അറിയാം. അതുകൊണ്ട് നമുക്ക് ലഭ്യമാകുന്ന അരി സാധാരണക്കാരന് ലഭിക്കാനുള്ള നടപടിയെടുക്കുക എന്നുള്ളതാണ് ഗവൺമെന്റിന്റെ ഏറ്റവും പ്രധാനപ്പെട്ട കാര്യം. 13000-ത്തോളം ആളുകൾ എന്നതാണ് കണക്കെങ്കിലും ഇന്ന് റേഷൻ വാങ്ങാത്ത വളരെയധികം അളുകളുണ്ട്. അത്തരത്തിലുള്ള ആളുകളെ

കൂടി ഈ 13000-ത്തിലേക്ക് കൊണ്ടെത്തിച്ച്, യഥാർത്ഥത്തിൽ ഇതിന്റെ ഗുണം ആർക്കാണോ ലഭിക്കേണ്ടത് അവർക്ക് അരി എത്തിക്കുവാനുള്ള നടപടി എടുക്കുന്നതിന് ഗവൺമെന്റ് തയ്യാറാകുമോ?

<u>ശ്രീ. പി. തിലോത്തമൻ</u>: സർ, കേന്ദ്രത്തിൽ നിന്ന് വിഹിതം വാങ്ങിയെടുക്കുന്നതിൽ സംസ്ഥാന ഗവൺമെന്റ് പരാജയപ്പെട്ടിട്ടില്ല. 2013-ൽ ആണ് ഭക്ഷ്യ ഭദ്രതാ നിയമം നിലവിൽ വരുന്നത്. ആ നിയമത്തിന്റെ അടിസ്ഥാനത്തിലാണ് 14.25 ലക്ഷം മെട്രിക് ടൺ ധാന്യം സംസ്ഥാനത്തിന് നിശ്ചയിച്ചത്. 2010-11, 2011-12 കാലയളവിലെ ശരാശരി ഉപഭോഗത്തിന്റെ കണക്കുകൾ അടിസ്ഥാനപ്പെടുത്തിക്കൊണ്ടും അധിക വിഹിതത്തിന് കണക്കാക്കാതെയുമാണ് tied over allotment നിശ്ചയിച്ചത്. ഇതേരീതി തന്നെയാണ് ഇന്ത്യയിലെ എല്ലാ സംസ്ഥാനങ്ങൾക്കും നിശ്ചയിച്ചിട്ടുള്ളത്. ഇക്കാര്യത്തിൽ മാറ്റം വരുത്താൻ കഴിയില്ല. അധിക വിഹിതം വേണമെന്നുണ്ടെങ്കിൽ ഒ.എം.എസ്.എസ്. പ്രകാരം എഫ്.സി.ഐ.-യിൽ നിന്ന് കൂടുതൽ വില കൊടുത്ത് അരി വാങ്ങാം എന്നാണ് കേന്ദ്രം രേഖാമൂലം അറിയിച്ചത്. പതിമൂന്നായിരം റേഷൻ കാർഡുടമകൾ ഞങ്ങൾക്ക് അരി വേണ്ട റേഷൻ കാർഡ് തന്നാൽ മതി എന്നുപറഞ്ഞത് ശരിയാണ്. അത്തരം ആളുകൾ ഇനിയും ധാരാളമുണ്ട്. ഇങ്ങനെ റേഷൻ വേണ്ടാത്ത ആളുകൾ പരസ്യമായി

പ്രകടിപ്പിക്കാതെ രഹസ്യമായി വന്ന് സറണ്ടർ ചെയ്താൽ വളരെ ഉപകാരപ്രദമാകും എന്ന് ജനങ്ങളോട് പരസ്യമായി അപ്പീൽ ചെയ്തിട്ടുണ്ട്. അങ്ങനെ പതിമൂന്നായിരം എന്നത് പതിമൂന്നായിരത്തി തൊള്ളായിരം ആയി എന്ന പ്രത്യേകതയുണ്ട്. പിന്നീട് duplication-നെക്കുറിച്ചാണ് പറഞ്ഞത്. അതായത് ഒരു കുടുംബത്തിൽ രണ്ടുമൂന്ന് റേഷൻ കാർഡുകളുണ്ടാകും, ഒരംഗത്തിന് തന്നെ പല റേഷൻ കാർഡുകളിലായി അരി ലഭിക്കുന്ന അവസ്ഥ. അതൊഴിവാക്കാനായി ആധാർ സീഡിംഗ് 90% റേഷൻ കാർഡിന്റെ അടിസ്ഥാനത്തിൽ നടത്തി. അംഗങ്ങളുടെ അടിസ്ഥാനത്തിൽ ആധാർ സീഡിംഗ് നടത്തിയത് 77.5% വരെയെത്തിയിട്ടുണ്ട്. എല്ലാ റേഷൻ കാർഡുകളും 100% ആധാർ സീഡിംഗ് നടത്താനുള്ള പരിശ്രമം നടന്നുകൊണ്ടിരിക്കുകയാണ്.

<u>ശ്രീ. കെ. ബാബു</u>: സർ, പ്രൊ. കെ. വി.തോമസ് കേന്ദ്ര ഭക്ഷ്യവകുപ്പ് മന്ത്രിയായിരിക്കുമ്പോൾ നമ്മുടെ അരി വിഹിതം വെട്ടിക്കുറച്ചതിനെക്കുറിച്ച് ഒരക്ഷരം മിണ്ടാതിരുന്ന യു.ഡി.എഫ്. സർക്കാർ 2013-ലെ ഭക്ഷ്യഭദ്രതാനിയമം നടപ്പാക്കുന്ന കാര്യത്തിൽ അലംഭാവം കാണിക്കുകയും ചെയ്തു. ഇതിന്റെ ഭാഗമായി ഇപ്പോൾ അരിയുൾപ്പെടെയുള്ള ധാന്യത്തിന് വലിയ കുറവാണ് കേരളത്തിൽ ഉണ്ടായത്. ഇത് പരിഹരിക്കാനാവശ്യമായ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്?

ശ്രീ. പി. തിലോത്തമൻ: സർ, നമ്മുടെ വിഹിതം വർദ്ധിപ്പിച്ചുതരണമെന്ന് നിരന്തരമായി കേന്ദ്രത്തോട് ആവശ്യപ്പെട്ടെങ്കിലും ഫലപ്രാപ്തിയിലെത്താൻ കഴിഞ്ഞിട്ടില്ല. ഈ സാഹചര്യത്തിൽ ഒ.എം.എസ്.എസ് പ്രകാരം എഫ്.സി.ഐ-യിൽ നിന്ന് കൂടിയ വിലയ്ക്ക് അരിയെടുത്ത് സബ്സിഡി റേറ്റിൽ സംസ്ഥാനത്തിന് വിതരണം ചെയ്തുകൊണ്ടിരിക്കുകയാണ്. അധികവിഹിതം കൂടിയ വിലയ്ക്ക് വാങ്ങിയും മറ്റ് സംസ്ഥാനങ്ങളിൽ പോയി അരി സംഭരിച്ച് ഓപ്പൺ മാർക്കറ്റ് സെയിൽ നടത്തിയുമാണ് അരിയുടെ വില ഏറെക്കുറെ താഴേക്ക് കൊണ്ടുവരാൻ കഴിഞ്ഞത്.

ശ്രീ. റ്റി. വി. ഇബ്രാഹിം: സർ, കൃത്യമായി ഗുണഭോക്താക്കൾക്ക് അരി, പഞ്ചസാര മുതലായവയൊന്നും കിട്ടുന്നില്ലെന്ന ആക്ഷേപങ്ങൾ റേഷൻ വിതരണത്തെക്കുറിച്ച് നിലനിൽക്കുകയാണ്. ഓരോ റേഷൻ കടയുടേയും വിവരം ലഭ്യമാകുന്ന രീതിയിൽ എല്ലാ കടകളേയും ബന്ധിപ്പിക്കുന്ന വിധത്തിൽ ഇന്റർനെറ്റ് കണക്ഷൻ കൊടുക്കുന്ന ഒരു പരിഷ്കാരം കൊണ്ടുവരാമോ?

ശ്രീ. പി. തിലോത്തമൻ: സർ, എൻ.എഫ്.എസ്.എ പ്രകാരമുള്ള നടപടിക്രമങ്ങളെല്ലാം പൂർത്തിയായി അരിവിതരണം നടത്തുമ്പോൾ ഇത്തരത്തിലുള്ള പരിഷ്കാരങ്ങൾ ഉണ്ടാകും. അതിന്റെ ആദ്യഭാഗമാണ് വാതിൽപ്പടി വിതരണം. എല്ലാ ഹോൾസെയിൽ കച്ചവടക്കാരേയും ഒഴിവാക്കി ഗവൺമെന്റിന് വേണ്ടി സിവിൽ

സപ്ലൈസ് കോർപ്പറേഷനാണ് അരി സംഭരിക്കുന്നതും വിതരണം ചെയ്യുന്നതും. വാതിൽപ്പടി വിതരണത്തിന്റെ അടുത്ത ഘട്ടമായ എൻഡ്-ടു-എൻഡ് കമ്പ്യൂട്ടറൈസേഷൻ പരിപൂർണ്ണതയിലേക്കെത്തുമ്പോൾ എല്ലാ റേഷൻ കടകളിലും ഇ-പോസ് മെഷീൻ ഉണ്ടാകും. ഇപ്രകാരം സാധനങ്ങൾ വിതരണം നടത്തുമ്പോൾ വളരെ സുതാര്യമായി ഈ രംഗത്ത് പ്രവർത്തനങ്ങൾ നടത്താൻ കഴിയും. ഒരു ക്രമക്കേടുകളും റേഷൻ രംഗത്തുണ്ടാവില്ല എന്ന് ഉറപ്പിച്ചു പറയാൻ കഴിയുന്ന ഒരു അവസ്ഥയാണുണ്ടാകുന്നത്.

ശ്രീ. ചിറ്റയം ഗോപകുമാർ : ഭക്ഷ്യഭദ്രതാ നിയമത്തിന്റെ പേരിൽ കേരളത്തിലെ സാധാരണക്കാരുടെ അന്നം മുട്ടിച്ച ശ്രീ. ഉമ്മൻചാണ്ടിയുടെ നേതൃത്വത്തിലുള്ള യു.ഡി.എഫ്. സർക്കാരും ഭക്ഷ്യമന്ത്രിയായിരുന്ന ശ്രീ. അനൂപ് ജേക്കബും കേന്ദ്രത്തിൽ ഈ ബില്ല് അവതരിപ്പിച്ച പ്രൊഫ. കെ. വി. തോമസും യാതൊരു നടപടിയും സ്വീകരിച്ചിട്ടില്ല എന്ന് എല്ലാവർക്കുമറിയാം. ഇത് പരിഹരിക്കുന്നതിനുവേണ്ടി അങ്ങ് കുറേയേറ പരിശ്രമങ്ങൾ നടത്തിക്കൊണ്ടിരിക്കുകയാണ്. കുറവ് വന്ന പതിനാറുലക്ഷം മെട്രിക് ടൺ അരി പുനഃസ്ഥാപിച്ച് സാധാരണ ജനങ്ങൾക്കെത്തിച്ചുകൊടുക്കാൻ വേണ്ട നടപടി സ്വീകരിക്കുമോ?

<u>ശ്രീ. പി. തിലോത്തമൻ</u> : സർ, നമുക്ക് ലഭിച്ചുകൊണ്ടിരിക്കുന്നത് 14.25 ലക്ഷം മെട്രിക് ടൺ ധാന്യമാണ്. ഇതിൽ ഒരു മണി ധാന്യം പോലും ചോരാതെ ജനങ്ങളിലേക്കെത്തിക്കാൻ വേണ്ട നടപടികളാണ് ഗവൺമെന്റ് ചെയ്തുകൊണ്ടിരിക്കുന്നത്.

<u>ശ്രീ. കെ. എസ്. ശബരീനാഥൻ</u>: സർ, പ്രിന്റ് ചെയ്യുന്നതിലുണ്ടാകുന്ന കാലതാമസം കാരണം പുതിയ റേഷൻ കാർഡുകൾ ഇതുവരെ ലഭിച്ചിട്ടില്ല എന്ന പരാതിയുണ്ട്. വാതിൽപ്പടി റേഷൻ വിതരണം കൊല്ലത്ത് മാത്രമേ തുടങ്ങിയിട്ടുള്ളൂ, മറ്റ് ജില്ലകളിൽ ഇതുവരെ അതിന്റെ പൂർണ്ണത ലഭിച്ചിട്ടില്ല. ഇത്രയധികം കാലതാമസം നേരിടുന്നതുകൊണ്ട് എന്റെ മണ്ഡലത്തിലുൾപ്പെടെ സാധാരണക്കാരായ ആളുകൾ വളരെയധികം ബുദ്ധിമുട്ടുന്നുണ്ട്. റേഷൻ കാർഡിന്റെ പുറംചട്ടയും അകത്തുള്ള വിവരങ്ങളുമുൾപ്പെടെ കാർഡ് എപ്പോൾ വിതരണം ചെയ്യാൻ കഴിയും?

<u>ശ്രീ. പി. തിലോത്തമൻ</u>: സർ, വാതിൽപ്പടി വിതരണം മാർച്ച് മുതൽ കൊല്ലത്ത് നടന്നുകൊണ്ടിരിക്കുയാണ്. തുടർന്ന് ആറ് ജില്ലകളിൽക്കൂടി ഈ മാസം ആരംഭിച്ചുകഴിഞ്ഞു. ബാക്കിയുള്ള ഏഴ് ജില്ലകളിലേക്കുള്ള അരി സംഭരിക്കാൻ തുടങ്ങിയിട്ടുണ്ട്. അടുത്ത മാസം മുതൽ വാതിൽപ്പടി വിതരണം സംസ്ഥാനത്തൊട്ടാകെ പൂർണ്ണമാകും. റേഷൻ കാർഡ് പലവിധ കാരണങ്ങളാലാണ്

വൈകുന്നത്. റേഷൻ കാർഡ് പ്രിന്റ് ചെയ്യാൻ ഏൽപ്പിച്ച കെ.ബി.പി.എസ്. അവരുടെ ഉത്തരവാദിത്വം നിർവ്വഹിച്ചു. പുറംചട്ട തയ്യാറാക്കിത്തരേണ്ട സി-ഡിറ്റ്-ന് ലാമിനേഷൻ കാര്യത്തിൽ ചില സാങ്കേതിക തകരാറുകൾ ഉണ്ടായി. പ്രയോറിറ്റി ലിസ്റ്റ് തയ്യാറാക്കിക്കൊടുക്കുന്നതിലും ചില സാങ്കേതിക പ്രശ്നങ്ങൾ ഉണ്ടായി. അങ്ങനെ അൽപ്പം വൈകി. കൊല്ലം ജില്ലയിൽ പുനലൂർ താലൂക്ക് ഒഴികെ ബാക്കിയെല്ലായിടത്തും ആലപ്പുഴ ജില്ലയിലെ കുട്ടനാട് താലൂക്കിലും റേഷൻ കാർഡുകളെത്തിച്ചുകഴിഞ്ഞു. ആറ് ജില്ലകളിൽ പതിനഞ്ചാം തീയതിയെത്തിക്കും. ശേഷിക്കുന്ന ജില്ലകളിൽ ഈ മാസം അവസാനവും എത്തിക്കുമെന്നാണ് സി-ഡിറ്റ് അവസാനമായി അറിയിച്ചിരിക്കുന്നത്.

ശ്രീ. വി. ജോയി : സർ, ആശ്രയ പദ്ധതിയിൽ അംഗങ്ങളായവർ, മാനസിക-ശാരീരിക വൈകല്യങ്ങളുള്ളവർ, ഓട്ടിസം ബാധിച്ചവർ, വിധവകൾ, ക്യാൻസർ രോഗികൾ, ശയ്യാവലംബികൾ തുടങ്ങിയവരെയാണ് മുൻഗണനാപട്ടികയിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. ക്യാൻസർ രോഗികളും ശയ്യാവലംബരായി കിടക്കുന്നവരും എത്രതന്നെ പരാതികൊടുത്താലും ബന്ധപ്പെട്ട ജില്ലാ കളക്ടർമാർ അത് പരിഗണിക്കുന്നില്ല. സമയബന്ധിതമായി അത് പരിഗണിച്ച് പാവപ്പെട്ട ആളുകളെ മുൻഗണനാപട്ടികയിൽപ്പെടുത്തുന്നതിന് ശ്രമിക്കുമോ?

<u>ശ്രീ. പി. തിലോത്തമൻ</u>: സർ, മുൻഗണനാപട്ടികയും മുൻഗണനേതര പട്ടികയും തയ്യാറാക്കുന്നതിൽ മാനുവൽ ആയി ഒരു കാര്യവും ചെയ്തിട്ടില്ല. ക്ലേശഘടകങ്ങളുടെ മാർക്കിന്റെ അടിസ്ഥാനത്തിലാണ് പ്രയോറിറ്റി-നോൺപ്രയോറിറ്റി ലിസ്റ്റുകൾ തയ്യാറാക്കിയിട്ടുള്ളത്. ഇത് പ്രസിദ്ധീകരിച്ചതിൻമേൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ ക്ലെയിംസ് കിട്ടിയിട്ടുണ്ട്. ഡിപ്പാർട്ട്മെന്റൽ എൻക്വയറിയിലൂടെ അനർഹരെ കണ്ടെത്താൻ കഴിഞ്ഞിട്ടുണ്ട്. ഇങ്ങനെ കുറ്റമറ്റരിതിയിൽ ഒരു പ്രയോറിറ്റി-നോൺപ്രയോറിറ്റി ലിസ്റ്റ് തയ്യാറാക്കാനുള്ള ശ്രമത്തിലാണ് ഏർപ്പെട്ടിരിക്കുന്നത്.

<u>ശ്രീ. എം.ഉമ്മർ</u>: സർ, പ്രസ്തുത നിയമം നടപ്പിലാക്കിയതോടുകൂടി മുൻപുണ്ടായിരുന്ന പി.എഫ്.എ. ആക്ട് നിലവിലില്ലാതായിരിക്കുകയാണ്. അതോടൊപ്പം മായം ചേർക്കൽ തടയാനുള്ള സംവിധാനങ്ങളും നിലച്ചുപോയിട്ടുണ്ട്. മായം ചേർക്കൽ തടയാനും സാമ്പിൾ എടുക്കുവാനും പ്രോസിക്യൂട്ട് ചെയ്യാനുമൊക്കെയുള്ള നടപടികൾ പൂർത്തീകരിച്ചിട്ടുണ്ടോ; ഈ ഗവൺമെന്റ് വന്നതിനുശേഷം എത്ര കേസ്സുകൾ പുതിയതായി പ്രോസിക്യൂട്ട് ചെയ്തിട്ടുണ്ടെന്ന് പറയാൻ കഴിയുമോ?

<u>ശ്രീ. പി. തിലോത്തമൻ</u>: സർ, മായം ചേർക്കൽ കണ്ടുപിടിക്കുന്നത് ഭക്ഷ്യ

സുരക്ഷാ വകുപ്പാണ്. സിവിൽ സപ്ലൈസ് വകുപ്പും അവരുടെ ഉത്തരവാദിത്വം നിർവ്വഹിക്കുന്നുണ്ട്. ഉൽപ്പന്നങ്ങളുടെ സാമ്പിൾ എടുത്ത് സി.എഫ്.ആർ.ഡി. ലാബിൽ പരിശോധന നടത്തിയതിനുശേഷമാണ് സിവിൽ സപ്ലൈസ് കോർപ്പറേഷൻ വഴി വിതരണം ചെയ്യുന്നത്. മറ്റ് പരിശോധന നടത്തിയ കേസ്സുകളെ സംബന്ധിച്ച് നോട്ടീസ് ഉണ്ടെങ്കിലേ പറയാൻ കഴിയൂ.

ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി (ശ്രീമതി കെ. കെ. ശൈലജ ടീച്ചർ): സർ, അഞ്ഞൂറിലേറെ കേസ്സുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. കൃത്യമായ കണക്ക് ഇന്നലെ എന്റെ കൈവശം ഉണ്ടായിരുന്നു. അതുസംബന്ധിച്ച് ലിസ്റ്റ് നോക്കിയതിനുശേഷം ബഹുമാനപ്പെട്ട അംഗത്തിനെ അറിയിക്കാം. നൂറിലേറെ കേസ്സുകൾ കോടതിയിലെത്തിയിട്ടുണ്ട്. ബാക്കിയുള്ളതിന്റെ നടപടിക്രമം നടന്നുകൊണ്ടിരിക്കുകയാണ്. സന്തോഷകരമായ വാർത്ത ഭക്ഷ്യസുരക്ഷാ വകുപ്പിന്റെ മൂന്ന് ലാബുകൾക്കും എൻ.എ.ബി.എൽ. അക്രഡിറ്റേഷൻ ലഭിച്ചിട്ടുണ്ട് എന്നതാണ്. പരിശോധന കുറച്ചുകൂടി ഊർജ്ജിതമാക്കുന്നുണ്ട്.

ശ്രീമതി ഇ. എസ്. ബിജിമോൾ: സർ, കേരളത്തിൽ ഭക്ഷ്യസുരക്ഷാ നിയമം ധൈര്യമായി നടപ്പിലാക്കിയ അങ്ങയെ പ്രത്യേകമായി അഭിനന്ദിക്കുന്നു. ഇവിടെ ഫ്ലോട്ടിംഗ് പോപ്പുലേഷൻ ഉണ്ട്. റേഷന് അർഹതപ്പെട്ട ജെനുവിൻ കാറ്റഗറിയായ

ധാരാളം ഇതരസംസ്ഥാനത്തൊഴിലാളികൾ നമ്മുടെ സംസ്ഥാനത്തുണ്ട്. അവർക്കുകൂടി റേഷൻ വിതരണം ചെയ്യുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുന്നതിനെക്കുറിച്ച് സംസ്ഥാനസർക്കാർ ആലോചിക്കുമോ?

ശ്രീ. പി. തിലോത്തമൻ: സർ, വർദ്ധിച്ചുവരുന്ന ജനസംഖ്യ, അന്യസംസ്ഥാനത്തൊഴിലാളികളുടെ ബാഹുല്യം, ഓണം, ക്രിസ്തുമസ് തുടങ്ങിയ വിശേഷ ദിവസങ്ങളിൽ ഉണ്ടാകുന്ന അധികച്ചെലവ് മുതലായവയെല്ലാം കണക്കിലെടുത്ത് അധികവിഹിതം ലഭ്യമാക്കണമെന്നാണ് കേന്ദ്രത്തോട് ആവശ്യപ്പെട്ടത്. എന്നാൽ ഇതൊന്നും കേന്ദ്രം പരിഗണിച്ചില്ല. അതുകൊണ്ട് അന്യസംസ്ഥാനത്തൊഴിലാളികളുടെ കാര്യം പ്രത്യേകമായി അഡ്രസ് ചെയ്യുന്നതിൽ അതിന്റേതായ പരിമിതികളുണ്ട്.

ഐ.ടി. നയത്തിന്റെ മുഖ്യലക്ഷ്യങ്ങൾ

2 (*302) ശ്രീ. ഐ. ബി. സതീഷ്:
ശ്രീ. എ. പ്രദീപ്കുമാർ:
ശ്രീ. എസ്. ശർമ്മ:
ശ്രീ. എൻ വിജയൻ പിള്ള: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ;

(എ) ഐ.ടി. നയത്തിന്റെ മുഖ്യലക്ഷ്യങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ;

(ബി) മാനവശേഷി വികസനത്തിനും തൊഴിൽ രംഗത്തും ലക്ഷ്യമാക്കുന്ന നേട്ടങ്ങൾ എന്തൊക്കെയെന്ന് വിശദമാക്കാമോ;

(സി) സേവന രംഗത്തും ഭരണസംവിധാനത്തിലും വിവര സാങ്കേതിക വിദ്യയുടെ പ്രയോഗം ഏതെല്ലാം വിധത്തിൽ സാധ്യമാകുമെന്ന് അറിയിക്കാമോ?

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ,

(എ) സംസ്ഥാനത്തിന്റെ സമഗ്ര വികസനത്തിൽ വിവര സാങ്കേതിക വിദ്യക്ക് നിർണ്ണായകമായ പങ്കുണ്ട്. ഈ വസ്തുത മനസ്സിലാക്കി അവ പൂർണ്ണമായി പ്രയോജനപ്പെടുത്താൻ സർക്കാർ ഉദ്ദേശിക്കുന്നു. താഴെപ്പറയുന്നവയാണ് ഐ.ടി.നയത്തിന്റെ മുഖ്യലക്ഷ്യങ്ങൾ.

1. കേരളത്തെ ഏറ്റവും നല്ല ഐ.ടി. നിക്ഷേപ സൗഹൃദ കേന്ദ്രമാക്കുക.
2. മികച്ച ഇ-ഗവേണൻസ് സംവിധാനത്തിലൂടെ സർക്കാർ സേവനങ്ങൾ സുഗമവും സുതാര്യവുമാക്കി എല്ലാ വിഭാഗം ജനങ്ങളിലും എത്തിക്കുക.
3. മനുഷ്യവിഭവശേഷി, വാണിജ്യ വളർച്ച എന്നീ ഘടകങ്ങൾ ഉറപ്പാക്കാൻ വിവര സാങ്കേതികവിദ്യയുടെ അർത്ഥപൂർണ്ണമായ ഉപയോഗം സാധ്യമാക്കുക.
4. യുവസംരംഭകരെ വാർത്തെടുക്കുന്നതോടൊപ്പം ഐ.ടി. വ്യവസായത്തിന്

ഗുണമേന്മയുള്ള മനുഷ്യവിഭവശേഷി ഉറപ്പാക്കുക.

(ബി) വിവരസാങ്കേതികവിദ്യ, ഇലക്ട്രോണിക്സ്/ടെലികോം/മൊബൈൽ മേഖലകൾ, ഇവയുടെ അനുബന്ധ വ്യവസായങ്ങൾ എന്നിവ ഉൾപ്പെടുത്തിക്കൊണ്ടുള്ള സമഗ്ര വികസനമാണ് ഐ.ടി. മേഖലയുടെ അഭിവൃദ്ധിക്കായി പ്രസ്തുത നയത്തിൽ പ്രധാനമായും ഉൾപ്പെടുത്തിയിരിക്കുന്നത്. ഇതുമായി ബന്ധപ്പെട്ട് താഴെപ്പറയുന്ന മേഖലകളിലെ വളർച്ച ലക്ഷ്യമിടുന്നു.

1. മാനവശേഷി മൂലധന വികസനം;
2. ഐ.ടി. പാർക്കുകൾ ഉൾപ്പെടെ പശ്ചാത്തല/അടിസ്ഥാന വികസന സൗകര്യങ്ങൾ;
3. വിഭവസമാഹരണം;
4. ഡിജിറ്റൽ സാക്ഷരത, ഇ-കൊമേഴ്സ്;
5. ടെക്നോളജി ഇന്നവേഷൻ സോൺ, സ്റ്റാർട്ട്അപ്പ് സംരംഭങ്ങൾ.
6. ഫാബ് ലാബുകൾ മുതൽ സ്മാർട്ട് ഗ്രാമങ്ങൾ വരെ.
7. അർത്ഥവത്തായ വ്യവസായ വികസനം തുടങ്ങി സമസ്ത മേഖലകളുമായി ബന്ധപ്പെട്ടുള്ള വളർച്ചയും പരമാവധി തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനും പുതിയ ഐ.ടി. നയത്തിന് സാധിക്കും. എല്ലാ

തലത്തിലുമുള്ള ജനവിഭാഗങ്ങൾക്കും ഐ.ടി.-യുടെ പ്രയോജനം ലഭ്യമാക്കുമെന്ന് നയം ഉറപ്പാക്കുന്നതാണ്.

(സി) സേവന രംഗത്തും ഭരണ സംവിധാനത്തിലും വിവര സാങ്കേതിക വിദ്യയുടെ പ്രയോഗം സാധ്യമാക്കുന്നതിനായി നിരവധി പദ്ധതികൾ ഐ.ടി. നയത്തിൽ വിഭാവന ചെയ്തിട്ടുണ്ട്. ഇവയിൽ പ്രധാനമായവ താഴെപ്പറയുന്നവയാണ്:-

* സർക്കാർ സേവനങ്ങൾ നൂതന സംവിധാനങ്ങൾ വഴി സുഗമവും സുതാര്യവുമാക്കി എല്ലാ ജനവിഭാഗങ്ങളിലും എത്തിച്ച് ഡിജിറ്റൽ സാങ്കേതിക വിദ്യയെ സംസ്ഥാനത്തിന്റെ വികസന പ്രവർത്തനങ്ങൾക്കായി ഉപയോഗപ്പെടുത്തുക.

* സംസ്ഥാന സർക്കാരിന്റെ സേവനങ്ങൾക്കായി ഒരു ഏകജാലക സ്റ്റേറ്റ് പോർട്ടൽ സംവിധാനം, മൊബൈൽ ആപ്ലിക്കേഷൻസ്, അക്ഷയ, ഫ്രണ്ട്സ് ജനസേവന കേന്ദ്രങ്ങൾ, സ്റ്റേറ്റ് കോൾ സെന്ററുകൾ തുടങ്ങിയവ ഉൾപ്പെടുത്തിക്കൊണ്ടുള്ള സംയുക്ത ഇ-ഗവേണൻസ് പദ്ധതികൾ.

* ഡിജിറ്റൽ സാങ്കേതിക വിദ്യയെ വ്യത്യസ്ത തലത്തിൽ പ്രയോജനപ്പെടുത്താൻ ഉതകുംവിധമുള്ള ഡാറ്റാ സെന്ററുകൾ, ഓപ്പൺ ലൈവ് പോർട്ടലുകൾ, മൊബൈൽ ആപ്ലിക്കേഷനുകൾ, വിവിധ

വകുപ്പുകളിലെ ഐ.ടി. സെല്ലുകൾ.

* സർക്കാരിന്റെയും വിവിധ വകുപ്പുകളുടെയും ജ്യോഗ്രഫിക്കൽ ഇൻഫർമേഷൻ സിസ്റ്റം (GIS) മാപ്പുകളും ഉൾപ്പെടുത്തിയുള്ള GIS സംവിധാനം.

ശ്രീ. ഐ. ബി. സതീഷ് : സർ, ഇവിടെ അവതരിപ്പിക്കപ്പെട്ട 2017-ലെ ഐ.ടി. ആക്ടും എട്ട് ഉപനയങ്ങളും കേരളത്തിലെ ഐ.ടി. വികസനത്തിലെ ശ്രദ്ധേയമായ ചുവടുവയ്പ്പാണ്, ഇന്ത്യക്ക് തന്നെ മാതൃകയാണ്. ശ്രദ്ധേയമായ മനുഷ്യവിഭവ ശേഷിയുള്ള കേരള സംസ്ഥാനത്ത് പ്രത്യക്ഷമായും പരോക്ഷമായും എത്ര തൊഴിൽ സാധ്യതകളാണ് ലഭ്യമാകുന്നതെന്ന് വിശദീകരിക്കാമോ?

ശ്രീ. പിണറായി വിജയൻ : സർ, ഐ.ടി. രംഗത്ത് പൊതുവെ ഒരു മാന്ദ്യാവസ്ഥ ഇപ്പോൾ പല കാരണങ്ങളാൽ വന്നുചേർന്നിട്ടുണ്ട്. എങ്കിലും പരമാവധി തൊഴിൽ അവസരങ്ങൾ ഈ രംഗത്ത് ഉറപ്പുവരുത്തണമെന്ന് തന്നെയാണ് സർക്കാർ ഉദ്ദേശിക്കുന്നത്.

ശ്രീ. ഐ. ബി. സതീഷ് : സർ, കമ്പ്യൂട്ടർ പരിജ്ഞാനത്തിൽ കേരളം ദേശീയ ശരാശരിയേക്കാൾ ഏറെ മുന്നിലാണ്. ഇ-ഗവേണൻസ് ശക്തമാക്കാനും പേപ്പർരഹിത ഓഫീസുകൾ യാഥാർത്ഥ്യമാക്കാനുമുള്ള ശ്രമം നമ്മൾ ആരംഭിച്ചിട്ടുണ്ട്.

ഈ പശ്ചാത്തലത്തിൽ കേരളത്തിൽ എല്ലാവർക്കും കുറഞ്ഞ നിരക്കിൽ ഇന്റർനെറ്റ് ലഭ്യത ഉറപ്പാക്കാൻ വേണ്ടിയുള്ള സമീപനം സ്വീകരിക്കുമോ?

ശ്രീ. പിണറായി വിജയൻ : സർ, ഇക്കാര്യത്തിൽ സർക്കാർ ഇപ്പോൾ തന്നെ നടപടികൾ സ്വീകരിച്ചു തുടങ്ങുകയാണ്. സമയബന്ധിതമായി തന്നെ എല്ലാ വീടുകളിലും ഇന്റർനെറ്റ് സൗകര്യം ലഭ്യമാക്കത്തക്ക രീതിയിലുള്ള സംവിധാനങ്ങൾ ഒരുക്കാനാണ് ഉദ്ദേശിക്കുന്നത്. അതുമായി ബന്ധപ്പെട്ടുള്ള നടപടികൾ സർക്കാർ നീക്കികൊണ്ടിരിക്കുകയാണ്.

ശ്രീ. എ. പ്രദീപ്കുമാർ : സർ, കേരളത്തെ ഏറ്റവും നല്ല ഐ.ടി. നിക്ഷേപ സൗഹൃദ സംസ്ഥാനമാക്കുക എന്ന കാഴ്ചപ്പാട് നമ്മുടെ ഐ.ടി. നയം മുന്നോട്ട് വയ്ക്കുന്നുണ്ട്. അതിൽ നിക്ഷേപങ്ങൾ വരേണ്ട പ്രധാന മേഖല എന്ന് പറയുന്നത് ടെക്നോപാർക്ക്, ഇൻഫോ പാർക്ക്, സൈബർ പാർക്ക് ഉൾപ്പെടെയുള്ള ഐ.ടി. പാർക്കുകളിൽ നിന്നാണ്. കോഴിക്കോട് സൈബർ പാർക്കുകളുടെ നിർമ്മാണം പൂർത്തിയായി കഴിഞ്ഞു. അവിടെ ഇതിന്റെ തുടക്കകാലത്ത് NASCOM-ന്റെ സഹായത്തോടെ വലിയ ഐ.ടി. കമ്പനികളുടെ സി.ഇ.ഒ.-മാരുടെ മീറ്റിംഗ് വിളിച്ചപ്പോൾ അവർ വലിയ താൽപര്യം പ്രകടിപ്പിക്കുകയും എന്നാൽ ഇപ്പോൾ ബഹുമാനപ്പെട്ട മുഖ്യമന്ത്രി പറഞ്ഞതുപോലെ, അതിൽ വലിയ ഒരു താൽപ്പര്യം

കാണിക്കാത്ത സാഹചര്യവുമുണ്ട്. ഈ സാചര്യത്തിൽ ഗവൺമെന്റ് തന്നെ മുൻകൈ എടുത്ത് നമ്മൾ ഓഫർ ചെയ്യുന്ന സൗകര്യങ്ങൾ ഐ.ടി. കമ്പനികളെ ബോധ്യപ്പെടുത്താനും അവരെ കൊണ്ടുവരാനുമുള്ള എന്തെങ്കിലും പദ്ധതികൾ ആവിഷ്കരിക്കുമോ; അങ്ങനെ ആവിഷ്കരിച്ചിട്ടുണ്ടോയെന്ന് അറിയണം.

ശ്രീ. പിണറായി വിജയൻ : സർ, ഐ.ടി. രംഗത്തെ സാധ്യതകൾ പരമാവധി ഉപയോഗിക്കണമെന്നുതന്നെയാണ് സർക്കാർ ഉദ്ദേശിക്കുന്നത്. നമ്മുടെ സംസ്ഥാനത്ത് ഐ.ടി. രംഗത്ത് ലോകം തന്നെ ശ്രദ്ധിക്കുന്ന തരത്തിലുള്ള ആളുകളുടെയെല്ലാം സേവനം ഇക്കാര്യത്തിൽ ഉപയോഗപ്പെടുത്തുകയാണ്. അവരുമായി ഒരു ചർച്ച നടന്നിരുന്നു. അതുമായി ബന്ധപ്പെട്ട് ചില നിർദ്ദേശങ്ങൾ അവർ വച്ചിട്ടുണ്ട്. അതിന്റെ ഭാഗമായി സർക്കാർ ഇത്തരം കാര്യങ്ങളിൽ ഫലപ്രദമായ നടപടികൾ നീക്കിതുടങ്ങുകയാണ്. അതിലൂടെ ലോകത്തിലുള്ള പ്രധാനപ്പെട്ട കമ്പനികളെയെല്ലാം ബന്ധപ്പെടാനും അവരെ കേരളത്തിലേക്ക് എത്തിക്കുന്നതിന് പ്രേരിപ്പിക്കുന്നതിനുമുള്ള നടപടികളാണ് സ്വീകരിക്കാൻ പോകുന്നത്.

ശ്രീ. എസ്. ശർമ്മ: സർ, ഐ.ടി. രംഗത്തുള്ള മാറ്റവും വളർച്ചയുമാണ് ഈ യുഗത്തിന്റെ നേതൃത്വപരമായ ദൗത്യമെന്ന് എല്ലാവർക്കുമറിയാം. അതിന് ഏറ്റവും

ഫലപ്രദമായ ഒരു ഐ.ടി. നയം ഗവൺമെന്റ് ഇതിനകം പ്രഖ്യാപിക്കുകയും ചെയ്തിട്ടുണ്ട്. ഐ.ടി. സാക്ഷരത സ്റ്റേറ്റ് എന്ന നിലയിലേക്ക് അടിസ്ഥാനപരമായി ലക്ഷ്യം വയ്ക്കേണ്ടതായിട്ടുണ്ട്. ഐ.ടി. രംഗത്തെ നേട്ടങ്ങൾ ജനങ്ങളിലേക്ക് അനുഭവവേദ്യമാകണമെന്നുണ്ടെങ്കിൽ ഐ.ടി. സാക്ഷരത വളരെ പ്രധാനമാണ്. 1989-കളിൽ സമ്പൂർണ്ണ സാക്ഷരതയ്ക്കുവേണ്ടി കേരളം കൂട്ടായ ഒരു പരിശ്രമം നടത്തിയപ്പോൾ അന്ന് കേരളത്തിന്റെ മുമ്പിൽ മോഡലായി അവതരിപ്പിച്ചത്.... സമ്പൂർണ്ണ സാക്ഷരത കൈവരിച്ച ഇന്ത്യയിലെ ആദ്യത്തെ നഗരം കോട്ടയം എന്ന പ്രഖ്യാപനം അന്ന് നടത്തിയിരുന്നു. പിന്നീട് കേരളവും ആ നിലയിലേക്ക് വന്നു. അതുപോലെ പൈലറ്റ് പ്രോജക്ടായി, ഐ.ടി. സാക്ഷരതയ്ക്കുവേണ്ടി കോർപ്പറേഷൻ, നഗരസഭ, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ഇവയിൽ ഏതെങ്കിലും ഒരു പ്രദേശം പ്രത്യേകമായി തെരഞ്ഞെടുത്തുകൊണ്ട് ഒരു മോഡലായി കാണിച്ചുകൊടുക്കാനും അതുവഴി കേരളത്തെ ഐ.ടി. സാക്ഷരതയിലേക്ക് നയിക്കുന്നതിനും പങ്കുവഹിക്കുന്നതിനെക്കുറിച്ച് ഗവൺമെന്റ് ആലോചിക്കുമോ?

<u>ശ്രീ. പിണറായി വിജയൻ</u> : സർ, ഡിജിറ്റൽ സാക്ഷരത വളരെ പ്രധാനപ്പെട്ട ഒന്നുതന്നെയാണ്. ഡിജിറ്റൽ സാക്ഷരതയിലൂടെ വിവരസാങ്കേതിക മേഖലയ്ക്ക് ആവശ്യമായ മാനവവിഭവശേഷി നേടാൻ സംസ്ഥാനം പരമാവധി ശ്രദ്ധിക്കുക

തന്നെ ചെയ്യും. ഇതിൽ ഐ.സി.റ്റി. അക്കാഡമിയെ ശക്തിപ്പെടുത്തുക, ദേശീയ-അന്തർദേശീയ ഗവേഷണ സ്ഥാപനങ്ങളും സർവ്വകലാശാലകളുമായി സഹകരിച്ചുള്ള പ്രവർത്തനങ്ങൾ ഉയർത്തികൊണ്ട് വരാൻ കഴിയുക, ഓൺലൈൻ കോഴ്സുകൾ പ്രോത്സാഹിപ്പിക്കുക, എഞ്ചിനീയറിംഗ് പാഠ്യപദ്ധതിയിൽ സംരംഭകത്വം ഒരു വിഷയമായി പഠിപ്പിക്കുക ഇത്തരം നടപടികളെല്ലാം കൈക്കൊള്ളാൻ ഉദ്ദേശിക്കുന്നുണ്ട്. പുതുതലമുറ വ്യവസായങ്ങൾക്ക് അനുയോജ്യമായ, സാങ്കേതികവിദ്യകളിൽ നൈപുണ്യമുള്ള തൊഴിൽ സമൂഹം വാർത്തെടുക്കാനും ഉദ്ദേശിക്കുന്നുണ്ട്. അതോടൊപ്പം എല്ലാവരിലും ഡിജിറ്റൽ സാക്ഷരത എത്തിച്ചേരുക എന്നതിനുതന്നെയാണ് സർക്കാർ പ്രാമുഖ്യം നൽകാൻ ഉദ്ദേശിക്കുന്നത്. ബഹുമാന്യനായ അംഗം ചൂണ്ടിക്കാണിച്ച രീതിയിലുള്ള പരിപാടികളും നമുക്ക് ആലോചിക്കാവുന്നതാണ്.

<u>മി. സ്പീക്കർ</u> : കേരളം ഒരു ഡിജിറ്റൽ സാക്ഷരത സംസ്ഥാനമാകണമെന്നുള്ളത് ശരിയാണ്. നിയമസഭ ഡിജിറ്റലാക്കാൻ വേണ്ടി നമ്മൾ ഒരു ശ്രമം നടത്തി. മൊബൈൽ ആപ്ലിക്കേഷൻസ് ഡൗൺലോഡ് ചെയ്യാത്ത എത്ര അംഗങ്ങളുണ്ടെന്നുള്ളത് സ്വയം വിമർശനപരമായി പരിശോധിക്കുന്നത് നല്ലതാണ്.

<u>ശ്രീ. എൻ. വിജയൻ പിള്ള</u> : സർ, കേരളത്തിലെ തദ്ദേശസ്വയംഭരണ

സ്ഥാപനങ്ങളുടെ വികേന്ദ്രീകൃത ആസൂത്രണ പദ്ധതി, പദ്ധതിയേതര പ്രവർത്തനങ്ങൾ എന്നിവയുടെ കമ്പ്യൂട്ടർവത്കരണത്തിനായി രൂപീകരിച്ച ഐ.കെ.എം.-ന്റെ പ്രവർത്തനത്തിലെ പോരായ്മകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഓരോ വർഷവും പദ്ധതി ആസൂത്രണ സമയത്തും നിർവ്വഹണ സമയത്തും സോഫ്റ്റ്വെയറിൽ സാങ്കേതിക പ്രശ്നങ്ങളുണ്ടാകുകയും പരിഹരിക്കാൻ ദീർഘകാലം വേണ്ടിവരികയും ചെയ്യുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രീ. പിണറായി വിജയൻ : സർ, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പ്രവർത്തനത്തിലും കാര്യങ്ങൾ മെച്ചപ്പെടുത്താൻ തന്നെയാണ് ഉദ്ദേശിക്കുന്നത്. ബഹുമാന്യനായ അംഗം ചൂണ്ടിക്കാണിച്ച രീതിയിലുള്ള എന്തെങ്കിലും കുറവുകൾ ഉണ്ടെങ്കിൽ ആ പ്രശ്നം പരിഹരിക്കാനുള്ള നടപടികൾ സ്വീകരിക്കാവുന്നതാണ്.

പ്രതിപക്ഷനേതാവ് (ശ്രീ. രമേശ് ചെന്നിത്തല): സർ, ഐ.ടി. എക്സ്പോർട്ടിൽ ഇന്ത്യയിൽ മാത്രമല്ല ലോകത്തെമ്പാടും പ്രതിസന്ധി നേരിടുന്ന ഒരു കാലമാണ്. ലോക സാമ്പത്തിക രംഗത്തുണ്ടായിരിക്കുന്ന മാന്ദ്യമാണ് അതിന്റെ പ്രധാനപ്പെട്ട കാരണം. അത് കണക്കിലെടുത്ത് അഭ്യസ്തവിദ്യരായ ചെറുപ്പക്കാർക്ക് കൂടുതൽ തൊഴിൽ ലഭിക്കത്തക്ക നിലയിൽ സ്റ്റാർട്ടപ് സംരംഭങ്ങളെ കൂടുതൽ ശക്തിപ്പെടുത്താനുള്ള നടപടിയാണ് സ്വീകരിക്കേണ്ടത്. ഇപ്പോൾ ധാരാളം

ചെറുപ്പക്കാർ ഈ രംഗത്ത് ശ്രദ്ധ കേന്ദ്രീകരിക്കുന്നുണ്ട്. അതുകൊണ്ട് അവർക്ക് ഇൻസെന്റീവും പ്രോത്സാഹനവും നൽകാനുള്ള എന്തെല്ലാം നടപടികൾ സ്വീകരിക്കാനാണ് സർക്കാർ ഉദ്ദേശിക്കുന്നത്?

ശ്രീ. പിണറായി വിജയൻ: സർ, സ്റ്റാർട്ടപ്പുകളെക്കുറിച്ച് പറഞ്ഞ കാര്യം വളരെ ശരിയാണ്. കാരണം ഇത്തരം കാര്യങ്ങളിൽ വലിയ തോതിലുള്ള മാതൃകകളാണ് നമ്മുടെ സംസ്ഥാനത്ത് ഉയർന്നുവരുന്നത്. സ്റ്റാർട്ടപ് രംഗത്ത് ഇപ്പോൾത്തന്നെ ധാരാളം വിദ്യാർത്ഥികൾ വന്നുകൊണ്ടിരിക്കുന്നു. അവരെ പ്രോത്സാഹിപ്പിക്കാനുള്ള നടപടികൾ സർക്കാർ സ്വീകരിച്ചുവരികയാണ്. ബഹുമാന്യനായ പ്രതിപക്ഷനേതാവ് ചൂണ്ടിക്കാണിച്ചതുപോലെ സ്റ്റാർട്ടപ്പുകൾക്കാവശ്യമായ എല്ലാ പ്രോത്സാഹനവും സർക്കാർ നൽകുന്നതുമാണ്.

ശ്രീ. എ. എൻ. ഷംസീർ: സർ, ഐ. ടി. മേഖലയെക്കുറിച്ചുള്ള ചർച്ചയാണ് ഇവിടെ നടക്കുന്നത്. ഐ.ടി. മേഖല ഗ്ലോബൽ സ്ലോ ഡൗണിലേയ്ക്ക് പോകുകയാണെന്നുള്ള വളരെ നെഗറ്റീവായ ഒരു വാർത്ത ഇന്നലത്തെ ഒരു പ്രധാന പത്രത്തിൽ കണ്ടു. പ്രധാനപ്പെട്ട giant കമ്പനികൾ ആളുകളെ lay off ചെയ്യുന്നതിനെപ്പറ്റി വാർത്ത കേട്ടുകൊണ്ടിരിക്കുകയാണ്. ഇത് ഒരു നെഗറ്റീവ് ചോദ്യമല്ല. കേരളത്തിലെ യുവസംരംഭകരെ പ്രോത്സാഹിപ്പിക്കാനുള്ള പദ്ധതികൾ

സംസ്ഥാന സർക്കാർ ആസൂത്രണം ചെയ്യുന്നുണ്ടെന്ന് മനസ്സിലാക്കുന്നു. കേരളത്തിലെ എഞ്ചിനീയറിംഗ് കോളേജുകൾ കേന്ദ്രീകരിച്ച് ഇത്തരം സ്റ്റാർട്ടപ്പുകൾ തുടങ്ങുന്നതിന്റെ പ്രവർത്തനം എവിടെയെത്തി; കണ്ണൂർ പോലെയുള്ള ജില്ലകളിൽ ഐ.ടി. പാർക്ക് ആരംഭിക്കുന്നതിനെക്കുറിച്ച് ആലോചനയുണ്ടോ?

ശ്രീ. പിണറായി വിജയൻ: സർ, കേരളത്തിലെ എഞ്ചിനീയറിംഗ് കോളേജുകളിലടക്കം സ്റ്റാർട്ടപ്പുകളുടെ സംവിധാനം ബന്ധപ്പെടുന്നുണ്ട്. നല്ല രീതിയിൽത്തന്നെ അതിന്റെ കാര്യങ്ങൾ നീങ്ങിക്കൊണ്ടിരിക്കുകയാണ്. അക്കാര്യത്തിൽ എല്ലാ പ്രോത്സാഹനവും നൽകാനാണ് സർക്കാർ ഉദ്ദേശിക്കുന്നത്. നിലവിൽ കുറേ സൗകര്യങ്ങൾ ഒരുക്കിയിട്ടുണ്ട്. എന്നാൽ കൂടുതൽ സൗകര്യങ്ങൾ ഒരുക്കേണ്ടതായും വരും. അങ്ങനെ കൂടുതൽ സൗകര്യങ്ങൾ ഒരുക്കുന്ന ഘട്ടത്തിൽ പുതിയ കേന്ദ്രങ്ങൾ ആവശ്യമാണെങ്കിൽ അപ്പോൾ ആലോചിക്കാവുന്നതാണ്.

ശ്രീ. കെ. സി. ജോസഫ്: സർ, ശ്രീ. എ. എൻ. ഷംസീർ ചൂണ്ടിക്കാണിച്ചതുപോലെ ഐ.ടി. രംഗത്ത് ഒരു സ്തംഭനാവസ്ഥ നേരിടുന്നുണ്ട്. ഔട്ട് സോഴ്സിംഗ് നിർത്തലാക്കുകയാണ് പുതിയ അമേരിക്കൻ പ്രസിഡന്റിന്റെ നയം. അതെല്ലാവരും പിന്തുടരുന്നതാണ്. നമ്മുടെ ഐ.ടി. ബെയ്സ്ഡ് ഇൻഡസ്ട്രിയുടെയെല്ലാം പ്രധാനപ്പെട്ട വരുമാനമാർഗ്ഗം ഔട്ട് സോഴ്സിംഗ് ആണ്.

അത് കണക്കിലെടുത്ത് സ്മാർട്ട് സിറ്റിയുടെ അടുത്ത ഘട്ട വികസനത്തെക്കുറിച്ച് അങ്ങ് ചർച്ചകൾ നടത്തുമെന്ന് വാർത്തകളിൽ വായിക്കാനിടയായി. ദുബായ് ഗവൺമെന്റ് അതുമായി മുന്നോട്ടുപോകാൻ താല്പര്യം കാണിക്കുന്നുണ്ടോ; അതിന്റെ രണ്ടാം ഘട്ട വികസനം ഏത് ഘട്ടത്തിലാണെന്ന് അറിയിക്കുമോ?

ശ്രീ. പിണറായി വിജയൻ: സർ, സ്മാർട്ട് സിറ്റിയുടെ കാര്യത്തിൽ ആശങ്കകൾക്ക് അടിസ്ഥാനമില്ലെന്നാണ് തോന്നുന്നത്. അവർ സമയബന്ധിതമായി ആ പരിപാടി തീർക്കുമെന്ന മട്ടിലാണ് നീങ്ങുന്നത്. അതിന് പണവും വകയിരുത്തിക്കഴിഞ്ഞു എന്നുള്ള വിവരം കിട്ടിയിട്ടുണ്ട്.

ശ്രീ. ബി. ഡി. ദേവസ്സി: സർ, കഴിഞ്ഞ എൽ.ഡി.എഫ്. സർക്കാരിന്റെ കാലത്ത് കൊരട്ടിയിൽ ആരംഭിച്ച ഐ.ടി. പാർക്കിൽ മുപ്പത്തിയഞ്ചോളം സ്ഥാപനങ്ങളിലായി ആയിരത്തോളം ആളുകൾ പണിയെടുക്കുന്നുണ്ട്. അവിടെ മൂന്ന് ലക്ഷം സ്ക്വയർ ഫീറ്റിൽ ഒരു ബിൽഡിംഗിന്റെ പണി പൂർത്തീകരിച്ചിരിക്കുകയാണ്. ഇവിടേയ്ക്ക് വലിയ കമ്പനികളെ ആകർഷിക്കുന്നതിനും കൊരട്ടി ഐ.ടി. പാർക്കിന്റെ അടുത്ത ഘട്ട വികസനത്തിനാവശ്യമായ നടപടികൾ സ്വീകരിക്കുന്നതിനും ഗവൺമെന്റ് ആവശ്യമായ കാര്യങ്ങൾ ചെയ്യുമോ?

ശ്രീ. പിണറായി വിജയൻ: സർ, ഐ.ടി. വികസനത്തിലെ ഏറ്റവും

പ്രധാനപ്പെട്ട കേന്ദ്രമാണ് എറണാകുളം. എറണാകുളത്തിനടുത്താണ് കൊരട്ടി എന്നുള്ളതുകൊണ്ട് അത് നല്ല പ്രോത്സാഹനജനകമായി മാറിയിട്ടുണ്ട്. അതുകൊണ്ട് ആ സ്ഥലം ഐ.ടി. സംരംഭകർ താല്പര്യപ്പെടുന്നുണ്ടെങ്കിൽ കൂടുതൽ വികസിച്ചുവരുമെന്നുതന്നെ കണക്കാക്കാവുന്നതാണ്.

ശ്രീ. ഹൈബി ഈഡൻ : സർ, ഐ.ടി. വികസനത്തിൽ കേരളം ഇപ്പോഴും വളരെ പിന്നിലാണ്. കേരളത്തിന് തൊട്ടടുത്തുള്ള സംസ്ഥാനങ്ങളെല്ലാം വികസനത്തിന്റെ കാര്യത്തിൽ വളരെ മുന്നോട്ടുപോയിട്ടുണ്ട്. ഇവിടെ പ്രധാനമായും സ്മാർട്ട് സിറ്റി അടക്കമുള്ള പദ്ധതികളാണ് വരുന്നത്. ഐ.ടി. പാർക്കുകൾ സ്ഥാപിക്കാൻ ശ്രമിക്കുമ്പോൾ ഏറ്റവും കൂടുതലായി ശ്രദ്ധിക്കപ്പെടേണ്ടത് പശ്ചാത്തല സൗകര്യ വികസനമാണ്. അടിസ്ഥാനപരമായി റോഡുകളും കുടിവെള്ളവും വൈദ്യുതിയുമടക്കമുള്ള കാര്യങ്ങൾ വേഗത്തിലാക്കാനുള്ള ശ്രമങ്ങൾ, പ്രത്യേകിച്ച് സ്മാർട്ട് സിറ്റിയുടെ ഉത്ഭവകാലം മുതലുണ്ടായ ഏറ്റവും വലിയ പ്രതിസന്ധിയെന്ന് പറയുന്നതും അതുതന്നെയാണ്. അത്തരം വിഷയങ്ങളിൽ ഒരു സിംഗിൾ വിൻഡോ ക്ലിയറൻസ് കൊടുത്തുകൊണ്ട് പശ്ചാത്തല സൗകര്യ വികസനം ഏർപ്പെടുത്താനുള്ള സൗകര്യങ്ങൾ ചെയ്യുമോ?

ശ്രീ. പിണറായി വിജയൻ: സർ, നമുക്ക് ആർജ്ജിക്കേണ്ട രീതിയിലുള്ള നേട്ടം

ഈ രംഗത്ത് നേടാൻ കഴിഞ്ഞില്ലെന്നുള്ളത് വസ്തുതയാണ്. അതിന് അതിന്റേതായ ഒരു ചരിത്ര പശ്ചാത്തലമുണ്ട്. അതിലേയ്ക്ക് ഞാനിപ്പോൾ കടക്കുന്നില്ല. നമ്മുടെ സംസ്ഥാനത്ത് എല്ലാവിധത്തിലും സ്വാഗതാർഹമായ സൗകര്യങ്ങളുണ്ടെങ്കിലും ഇവിടം എന്തോ ഭയങ്കര കുഴപ്പം പിടിച്ച സ്ഥലമാണെന്ന തരത്തിലുള്ള സന്ദേശമാണ് പലപ്പോഴും പുറത്തുവിട്ടുകൊണ്ടിരിക്കുന്നത്. അത് പലപ്പോഴും സംരംഭകർ ഇങ്ങോട്ട് വരുന്നതിൽനിന്ന് പിന്തിരിപ്പിക്കുന്നില്ലേ എന്ന് പൊതുവേ ചിന്തിക്കേണ്ടതായിട്ടുണ്ട്. മറ്റ് കാര്യങ്ങളെല്ലാം മാറ്റിവച്ച്, ശാന്തമായി ഇത്തരം കാര്യങ്ങൾ ആലോചിക്കേണ്ട ഒരു ഘട്ടത്തിലാണ് നമ്മൾ നിൽക്കുന്നത്. ഇത്തരത്തിൽ സംരംഭകരെ ഇങ്ങോട്ട് കൊണ്ടുവരുന്നതിനുള്ള പൊതുവായ ഒരു ശ്രമം നമ്മുടെ ഭാഗത്തുനിന്നും ഉണ്ടാകേണ്ടതായിട്ടുണ്ട്. ബഹുമാന്യനായ അംഗം ചൂണ്ടിക്കാണിച്ചതുപോലെ ഇവിടെ പശ്ചാത്തല സൗകര്യം നല്ലതുപോലെ വികസിച്ചുവരണം. രാവിലെ മുതൽ രാത്രി 12 മണി വരെയൊക്കെ ജോലിയെടുത്ത് ഇറങ്ങുന്ന ചെറുപ്പക്കാർക്ക് ആ സ്ഥാപനത്തിനടുത്തുതന്നെ സൗകര്യപ്രദമായ സൗകര്യങ്ങളുണ്ടാകണം. പശ്ചാത്തല സൗകര്യമെന്ന് പറഞ്ഞാൽ റോഡിന്റെ വികസനം മാത്രമല്ല മറ്റ് കാര്യങ്ങൾകൂടിയുണ്ടാകണം. അതിനെല്ലാം ഉതകുന്ന തരത്തിൽ നമ്മുടെ നാടിനെ ഒരുക്കിയെടുക്കേണ്ടതായിട്ടുണ്ട്. ആവശ്യമായ ഹോട്ടലുകളും രുചികരമായ ഭക്ഷണം

കഴിക്കാനുള്ള സൗകര്യങ്ങളും എന്റർടെയിൻമെന്റിനുള്ള സൗകര്യങ്ങളും വേണം. അങ്ങനെയുള്ള എല്ലാ കാര്യങ്ങളോടുംകൂടിയ പശ്ചാത്തല സൗകര്യമാണ് വേണ്ടത്. അതേസമയം യാത്രാ സൗകര്യവും ഉണ്ടാകേണ്ടതാണ്. അതിനൊക്കെയാണ് സർക്കാർ ശ്രമിച്ചുകൊണ്ടിരിക്കുന്നത്.

ശ്രീ. മുഹമ്മദ് മുഹാസിൻ പി: സർ, ഐ.ടി. മേഖലയിൽ കുത്തക വൽക്കരണം വളരെ ശക്തമാണ്. ഇതിന് ബദലായി ഓപ്പൺ സോഴ്സസ് സോഫ്റ്റ് വെയറുകൾ ഡെവലപ് ചെയ്യുന്ന ആളുകളെ പ്രൊമോട്ട് ചെയ്താൽ ഒരു പരിധിവരെയുള്ള കാര്യങ്ങളൊക്കെ വളരെ ചെലവ് കുറഞ്ഞ രീതിയിൽ നിർവ്വഹിക്കാൻ കഴിയും. അങ്ങനെ ഗവൺമെന്റ് ഓഫീസുകളടക്കമുള്ളത് സ്മാർട്ടാക്കാൻ ഇത്തരത്തിലുള്ള ഓപ്പൺ സോഴ്സസ് സോഫ്റ്റ്വെയർ ഡെവലപ് ചെയ്യാനുള്ള ഒരു നയം രൂപീകരിക്കുമോ?

ശ്രീ. പിണറായി വിജയൻ: സർ, അത് വേറൊരു ഭാഗമാണ്. ഓപ്പൺ സോഴ്സ് സോഫ്റ്റ്വെയർ ഇപ്പോൾത്തന്നെ പരമാവധി ഉപയോഗിക്കുന്നുണ്ട്. അക്കാര്യത്തിൽ വേറെ പ്രശ്നങ്ങളൊന്നുമില്ല.

മാതൃഭാഷ നിർബന്ധമാക്കുന്നതിന് നടപടി

(*303) ശ്രീ. ജോൺ ഫെർണാണ്ടസ്:

പ്രൊഫ. കെ. യു. അരുണൻ:

<u>ശ്രീ. പുരുഷൻ കടലുണ്ടി</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോടതി ഭാഷയും അദ്ധ്യയന ഭാഷയും മാതൃഭാഷയാക്കുന്നതിനെക്കുറിച്ച് പഠനം നടത്തിയിട്ടുണ്ടോ ;

(ബി) ഭരണഭാഷ മലയാളമാക്കുന്നതോടൊപ്പം ഭരണരംഗത്തേയ്ക്ക് തെരഞ്ഞെടുക്കാൻ പി.എസ്.സി. നടത്തുന്ന പരീക്ഷകൾ മാതൃഭാഷാപ്രയോഗ പ്രാവീണ്യം കൂടി പരിശോധിക്കുന്ന രീതിയിൽ മാറ്റം വരുത്താൻ നടപടിയെടുക്കുമോ;

(സി) പ്രീ-പ്രൈമറി തലത്തിലുള്ള വിദ്യാഭ്യാസം മാതൃഭാഷയിൽ മാത്രമേ പാടുള്ളൂവെന്ന് വ്യവസ്ഥ ചെയ്യുമോയെന്ന് വ്യക്തമാക്കുമോ?

മുഖ്യമന്ത്രി (<u>ശ്രീ. പിണറായി വിജയൻ</u>): സർ,

(എ) കേരളത്തിൽ ഹൈക്കോടതിയുടേയും എല്ലാ കീഴ്കോടതികളുടേയും വിധിപ്രസ്താവം ഉൾപ്പെടെയുള്ള കോടതി കാര്യങ്ങളെല്ലാം മലയാളത്തിലാക്കിയിരിക്കുന്നതിന് വേണ്ട വ്യവസ്ഥകൾ ഏർപ്പെടുത്തുന്നതുസംബന്ധിച്ച് പഠനം നടത്തി റിപ്പോർട്ട് സമർപ്പിക്കുന്നതിനായി 24.05.1985 തീയതിയിലെ സർക്കാർ ഉത്തരവ്

പ്രകാരം ജസ്റ്റിസ് ശ്രീ. കെ. കെ. നരേന്ദ്രൻ അദ്ധ്യക്ഷനായി സർക്കാർ ഒരു കമ്മിറ്റിയെ നിയോഗിച്ചിരുന്നു.

സാധാരണ ഗതിയിൽ എല്ലാ സ്കൂളിലേയും ബോധനരീതി മലയാളമായിരിക്കണമെന്ന് കെ.ഇ.ആർ. അദ്ധ്യായം VIII, റൂൾ 7 (1)-ൽ വ്യവസ്ഥ ചെയ്യുന്നുണ്ട്. മാതൃഭാഷാ പഠനത്തിന്റെ നിലവിലുള്ള അവസ്ഥ, ഭാഷാപഠനം ശക്തിപ്പെടുത്തുന്നതിനുള്ള നിർദ്ദേശങ്ങൾ എന്നിവ പരിശോധിക്കുന്നതിനായി ഡോ. ആർ. വി. ജി. മേനോൻ അദ്ധ്യക്ഷനായുള്ള ഒരു കമ്മിറ്റിയും ഇതിനുള്ള പ്രായോഗിക നിർദ്ദേശങ്ങൾ സമർപ്പിക്കാൻ പ്രൊഫ. ഒ. എൻ. വി. കുറുപ്പ് അദ്ധ്യക്ഷനായ ഒരു സമിതിയും രൂപീകരിച്ചിരുന്നു.

(ബി) മാതൃഭാഷാ പ്രയോഗ പ്രാവീണ്യം പരിശോധിക്കുന്നതിനുള്ള ചോദ്യങ്ങൾ പി.എസ്.സി. പരീക്ഷയിൽ ഉൾപ്പെടുത്തുന്നതിനുള്ള നടപടികൾ ഇതിനകം പി.എസ്.സി. സ്വീകരിച്ചിട്ടുണ്ട്. കമ്പനി/കോർപ്പറേഷൻ/ ബോർഡ്/സെക്രട്ടേറിയറ്റ്/പി.എസ്.സി. അസിസ്റ്റന്റ് (ബിരുദതല പരീക്ഷകൾക്ക്) മലയാളം, തമിഴ്, കന്നട എന്നീ ഭാഷകളിൽ പത്ത് മാർക്കിന്റെ ചോദ്യങ്ങൾ ഉൾപ്പെടുത്താനും എൽ.ഡി.സി., എൽ.ജി.എസ്. തസ്തികകൾക്ക് നിലവിലെ ഭാഷാ ചോദ്യങ്ങളുടെ രീതി തുടരാനും പബ്ലിക് സർവ്വീസ് കമ്മീഷൻ

തീരുമാനിച്ചിട്ടുണ്ട്.

പി.എസ്.സി. ചോദ്യങ്ങളിൽ ഇംഗ്ലീഷ് ഭാഷയിലെ ചോദ്യങ്ങൾക്കൊപ്പം മലയാളം/കന്നട/തമിഴ് ഭാഷകളിൽ കൂടി ചോദ്യങ്ങൾ ഉൾപ്പെടുത്താൻ 03.05.2017-ൽ മുഖ്യമന്ത്രിയും പി.എസ്.സി. ചെയർമാനും പങ്കെടുത്ത യോഗം തീരുമാനിച്ചിട്ടുണ്ട്.

(സി) പ്രീ-പ്രൈമറി വിദ്യാഭ്യാസത്തിൽ മാതൃഭാഷ ബോധനമാദ്ധ്യമമായി സ്വീകരിക്കണമെന്ന എസ്.സി.ഇ.ആർ.ടി.-യുടേയും കരിക്കുലം കമ്മിറ്റിയുടെയും നിർദ്ദേശം സർക്കാർ അംഗീകരിച്ച് 11.08.2014-ൽ സർക്കാർ ഉത്തരവായിട്ടുണ്ട്. ബന്ധപ്പെട്ടവർക്ക് നിർദ്ദേശവും നൽകിയിട്ടുണ്ട്. സംസ്ഥാനത്തെ എല്ലാ വിദ്യാലയങ്ങളിലും മലയാളം ഒരു നിർബന്ധ ഭാഷയായി പഠിപ്പിക്കണമെന്ന് വ്യവസ്ഥചെയ്യുന്ന 2017-ലെ മലയാള ഭാഷ (നിർബന്ധിത ഭാഷ) ബിൽ വിഷയനിർണ്ണയ സമിതിയുടെ പരിഗണനയിലാണ്.

ശ്രീ. ജോൺ ഫെർണാണ്ടസ്: സർ, മലയാളത്തിന് ശ്രേഷ്ഠഭാഷാ പദവി ലഭിച്ചതിനെത്തുടർന്ന് 2015 ഡിസംബർ 17-ന് ഈ സഭ ഒരു സമഗ്ര മലയാളഭാഷാ നിയമം പാസ്സാക്കിയിട്ടുണ്ട്. യഥാർത്ഥത്തിൽ ഉൾക്കൊള്ളിക്കേണ്ട പലതും ഉൾക്കൊള്ളിക്കാതെ കരചരണങ്ങൾ ഛേദിച്ച നിലയിലായിരുന്ന ആ നിയമം

ഇവിടെ പാസ്സാക്കിയത്. കോടതി ഭാഷ മലയാളത്തിലാക്കണമെന്നുകൂടി ഉൾപ്പെടുത്തിക്കൊണ്ട് ആ നിയമം പരിഷ്കരിക്കാൻ തയ്യാറാകുമോ?

ശ്രീ. പിണറായി വിജയൻ: സർ, കോടതിഭാഷ മലയാളത്തിലാക്കണമെന്നുള്ള പൊതുവായ വികാരം നമ്മുടെ നാട്ടിലുള്ളതാണ്. എന്നാൽ ഈ കാര്യത്തിൽ കീഴ്കോടതികളിലെ വിധിപ്രസ്താവം ഉൾപ്പെടെയുള്ള കാര്യങ്ങൾ മലയാളത്തിലാക്കാൻ വലിയ പ്രയാസം വരില്ല. എന്നാൽ ഹൈക്കോടതിയിൽ എത്തുമ്പോഴുള്ള ചില പ്രയാസങ്ങൾ സ്വാഭാവികമായും ഉണ്ടാകും. ഹൈക്കോടതിയുമായി ബന്ധപ്പെട്ടുള്ള കാര്യങ്ങൾ സുപ്രീംകോടതി വരെ പോകുന്നതാണ്. അതിനൊക്കെയുള്ള സൗകര്യങ്ങൾ വേണ്ടതായി വരും. ഇത് ഹൈക്കോടതിയുമായി ചർച്ച ചെയ്തിട്ടുണ്ട്. ആവശ്യമായ നടപടികൾ സ്വീകരിക്കാമെന്ന് ഹൈക്കോടതിയും സമ്മതിച്ചു കഴിഞ്ഞിട്ടുണ്ട്.

ശ്രീ. ജോൺ ഫെർണാണ്ടസ്: സർ, കക്ഷികൾക്ക് കോടതി ഉത്തരവുകൾ ഇംഗ്ലീഷിൽ നൽകുന്നതോടൊപ്പം മലയാളത്തിലും നൽകാനാവശ്യമായ ഒരു നിർദ്ദേശം കൂടി ഗവൺമെന്റിന് ഹൈക്കോടതിയുടെ മുമ്പാകെ വയ്ക്കാവുന്നതാണ്. ആ നിലയ്ക്ക് ഒരു തീരുമാനം ഗവൺമെന്റിന്റെ ഭാഗത്തുനിന്നുണ്ടാകുമോ?

ശ്രീ. പിണറായി വിജയൻ: സർ, കീഴ്കോടതികളുടെ കാര്യങ്ങൾ പൂർണ്ണമായും

മലയാളത്തിലാക്കണമെന്ന് നമുക്ക് ഇപ്പോൾ തന്നെ പറയാവുന്നതാണ്. അത് ഏറെക്കുറെ സമ്മതിച്ചുകഴിഞ്ഞിട്ടുമുണ്ട്. അതിനപ്പുറമുള്ള കാര്യങ്ങൾ ഹൈക്കോടതിയുമായി ചർച്ച ചെയ്തുകൊണ്ടു മാത്രമേ തീരുമാനിക്കാൻ കഴിയൂ. നമുക്ക് ഏകപക്ഷീയമായി ഒരു തീരുമാനമെടുക്കാൻ കഴിയില്ല.

പ്രൊഫ. കെ. യു. അരുണൻ: സർ, കോടതികളുടെ ഭാഷയെ സംബന്ധിച്ച് പറയുമ്പോൾ, ഇന്നുതന്നെ 'Supreme Court sentences Justice Karnan to six months in Jail for contempt' എന്നാണ് വാർത്ത. അവർ contempt-ൽ അവസാനിപ്പിച്ചു. 'Contempt of court' എന്നുള്ളത് പിന്നീടാണ് വരുന്നത്. ഒരു മലയാളിയെ സംബന്ധിച്ചിടത്തോളം കോടതിയുമായി നിതാന്ത ബന്ധമുണ്ടെങ്കിൽ മാത്രമേ അവസാനിപ്പിച്ചിടത്തുനിന്ന് തുടങ്ങാൻ പറ്റുകയുള്ളൂ. ഞാൻ നീട്ടുന്നില്ല, പ്രധാനമായി ഇപ്പോൾ ഭരണഭാഷ മലയാളത്തിലാക്കുമ്പോഴും സമസ്ത വൈജ്ഞാനിക മണ്ഡലങ്ങളിലുമുള്ള അറിവ് അല്ലെങ്കിൽ വിവരണങ്ങളൊക്കെ നല്ല പച്ചമലയാളത്തിലാക്കേണ്ടതുണ്ട്. നമുക്ക് സംഭവിച്ചത് ഏകദേശം 1960 -കളിൽ തുടങ്ങി ഈ ഭരണഭാഷയും മറ്റും മലയാളത്തിലാക്കാനുള്ള പരിശ്രമത്തിൽ ഒരുപാട് പ്രശ്നങ്ങളുണ്ടായിട്ടുണ്ട്.

മി. സ്പീക്കർ: അങ്ങ് ചോദ്യം ചോദിക്കു....

പ്രൊഫ. കെ. യു. അരുണൻ: സർ, ചോദ്യമെന്നു പറഞ്ഞാൽ വളരെ ലളിതമാണ്. ഞാൻ ഉദ്ദേശിക്കുന്നത് അജ്മൽ കസബിനെതിരെ കോടതി വിധിച്ചപ്പോഴും വധശിക്ഷ കൊടുത്തപ്പോഴും പറഞ്ഞു, 'He washed his hands' പത്രങ്ങളുടെ ഭാഷയാണിത്; മലയാളത്തിൽ അത് വന്നില്ല. 'But we stained ours' എന്ന് കോടതി പറഞ്ഞു. അടിത്തട്ടിലേയ്ക്ക് പോകുന്ന സന്ദർഭത്തിൽ പറഞ്ഞു, അള്ളാ എന്നോട് പൊറുക്കണേ. അതുകൊണ്ടാണ് ' He washed his hands' എന്നുപറഞ്ഞത്. 'But we stained ours' അയാൾക്ക് മാപ്പു കൊടുത്തില്ല. അതുകൊണ്ട് നമ്മുടെ കൈകളിലേയ്ക്ക് നോക്കാൻ പറഞ്ഞു, അവിടെ അഴുക്ക് പുരണ്ടിട്ടുണ്ട്. അഫ്സൽ ഗുരുവിന്റെ വിധി വന്നപ്പോഴും ഇതുപറഞ്ഞു. 'ഫ്രണ്ട്‌ലൈനി'ൽ എഴുതിയത് 'Hanged by stealth' -ചതിയിലൂടെ തൂക്കി കൊന്നു എന്നാണ്. കോടതി ഭാഷകളൊക്കെ ഇപ്പോഴും സങ്കീർണ്ണ ജടിലമായ ആംഗലേയ ഭാഷയിലായതുകൊണ്ട് പലപ്പോഴും പൊതുജനാഭിപ്രായം സ്വരൂപിക്കാനുള്ള നമ്മുടെ സാദ്ധ്യതകൾ കുറയുന്നു. അതുകൊണ്ട് നമ്മൾ ആ രൂപത്തിലുള്ള ഒരു രീതിയിലേയ്ക്ക് പ്രവേശിക്കുന്നതിനാവശ്യമായ മാർഗ്ഗങ്ങൾ അവലംബിക്കാൻ തയ്യാറുണ്ടോ?

ശ്രീ. പിണറായി വിജയൻ: സർ, മലയാളത്തിന് പ്രശ്നങ്ങൾ വന്നത് കോടതി ഭാഷയുടെ ഭാഗമായിട്ടല്ല. ഞാൻ കുറച്ചുനാൾമുമ്പ് തിരുവനന്തപുരത്ത് ഒരു

പരിപാടിയിൽ പങ്കെടുത്തു. മലയാളം പ്രോത്സാഹിപ്പിക്കേണ്ട ഒരു പരിപാടിയാണത്. ആ പരിപാടിക്ക് തുടക്കം കുറിച്ച ആൾ പറയുകയാണ്, വിദ്യാഭ്യാസം കഴിഞ്ഞ ചെറുപ്പക്കാർ വന്ന് റോഡ് സൈഡിൽ നിന്നാൽ എങ്ങോട്ടു പോകുന്ന ബസ്സാണെന്ന് മനസ്സിലാക്കാൻ അവർക്ക് കഴിയില്ല; ബസ്സിന്റെ ബോർഡ് വായിക്കാൻ കഴിയില്ല; ഇത് നമ്മുടെ സമൂഹത്തിലുള്ള സ്ഥിതിയാണ്. നമ്മുടെ സമൂഹത്തിൽ നല്ല വിദ്യാഭ്യാസം നേടിയ ചെറുപ്പക്കാരും ചെറുപ്പക്കാരികളും മലയാളത്തിലെ ബസ്സിന്റെ ബോർഡ് വായിക്കാൻ കഴിയാത്ത തരത്തിലേയ്ക്ക് എത്തിയിട്ടുണ്ട്. അതാണ് മലയാളത്തെക്കുറിച്ച് ചിന്തിക്കേണ്ട കാര്യം. കോടതിഭാഷയുടെ കാര്യം നമുക്ക് പറയാം, അതിന് ആവശ്യമായ മാറ്റം വരുത്തുകയും ചെയ്യാം; അതുകൊണ്ടാണ് മലയാളം പിറകോട്ടു പോയതെന്ന് നമ്മൾ കാണണ്ട. നമ്മുടെ സമൂഹത്തിൽ വന്നിട്ടുള്ള ഒരു മാറ്റമുണ്ട്. ആ മാറ്റത്തിനെതിരെയാണ് നാം ശബ്ദിക്കേണ്ടത്. അതായത്, ഏതൊരാളും ഇംഗ്ലീഷ് എന്നുപറഞ്ഞാൽ പെട്ടെന്ന് സ്വായത്തമാക്കേണ്ടതാണ് എന്നൊരു ചിന്ത തുടങ്ങുകയാണ്. അതുകൊണ്ട് സാധാരണ ഒരു പിന്തുണയും കൊടുക്കാൻ പറ്റാത്ത കുടുംബങ്ങളിൽ നിന്നുള്ള കുട്ടികളെ പോലും ഇംഗ്ലീഷ് മീഡിയം ക്ലാസുകളിലേയ്ക്ക് അയയ്ക്കാനുള്ള ഒരു ത്വര വന്നുകൊണ്ടിരിക്കുന്നു. ഇതിന്റെ ഭാഗമായി ഇംഗ്ലീഷ് മീഡിയത്തിൽ പഠിച്ചുപോകുന്ന

കുട്ടികൾ നല്ല മിടുക്കന്മാരും മിടുക്കികളുമായി വരുന്നു; അവർ പഠിച്ച് പാസ്സാകുന്നു. അവസാനം മലയാളം വായിക്കാൻ പറ്റാത്ത അവസ്ഥയിൽ ചെന്നുനിൽക്കും. ഇങ്ങനെയുള്ള ആളുകളെ മലയാളം പഠിപ്പിക്കാനാണ് ഒരു പരിപാടി തുടങ്ങിയിരിക്കുന്നത്. ആ പരിപാടിയിൽ പങ്കെടുത്തപ്പോഴാണ് അത് മനസ്സിലാക്കാൻ കഴിഞ്ഞത്. അതിനാണ് നാം മുൻതൂക്കം കൊടുക്കേണ്ടത്. കോടതിയുടെ കാര്യത്തിൽ ആവശ്യമായ നടപടികൾ ഇപ്പോൾ സ്വീകരിക്കുന്നുണ്ട്; അത് തുടരുകയും ചെയ്യും.

ശ്രീ. പുരുഷൻ കടലുണ്ടി: സർ, സമൂഹത്തിൽ ചരിത്രപരമായ വളർച്ചയിൽ വലിയ പങ്കു വഹിച്ചതാണ് മാതൃഭാഷ. അമ്മിഞ്ഞപ്പാലുപോലെ പരിശുദ്ധമായ മാതൃഭാഷ അഭിമാനബോധമുള്ള പൗരനെ രൂപപ്പെടുത്തുമെന്ന തിരിച്ചറിവ് ഈ സർക്കാരിനുണ്ടായിട്ടുണ്ട്. എന്റെ ചോദ്യം, മലയാളം പഠിക്കാതെ കേരളത്തിൽ 10-ാം തരം ജയിക്കാനാവില്ലായെന്ന തീരുമാനം സർക്കാർ സ്വീകരിക്കുമോ?

ശ്രീ. പിണറായി വിജയൻ: സർ, അതാണ് സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയിലുള്ള വിഷയം. ഏതായാലും കുട്ടികളെല്ലാം മലയാളം പഠിക്കണമെന്നുള്ളിടത്തേയ്ക്ക് നമ്മൾ എത്തുകയാണ്. ഇവിടെയുള്ള സ്കൂളുകളിലെല്ലാം കുട്ടികൾ മലയാളം പഠിക്കണം.

ശ്രീ. കെ. മുരളീധരൻ: സർ, കഴിഞ്ഞ ആറുകൊല്ലം തലസ്ഥാനത്തെ ഒരു എം.എൽ.എ. എന്നുള്ള നിലയ്ക്ക് എനിക്ക് പലപ്പോഴും കാണാൻ കഴിഞ്ഞിട്ടുള്ളത് നമ്മൾ മാത്രം പങ്കെടുക്കുന്ന സർക്കാർ പരിപാടികളുടെ ക്ഷണക്കത്തുപോലും ചില ഡിപ്പാർട്ടുമെന്റുകൾ ഇംഗ്ലീഷിൽ തയ്യാറാക്കുന്നു എന്നതാണ്. അത് നിരുത്സാഹപ്പെടുത്തുന്ന സമീപനം ഗവൺമെന്റ് സ്വീകരിക്കുമോ; കർശനമായിട്ടുള്ള നിർദ്ദേശം ഈ ഡിപ്പാർട്ടുമെന്റുകൾക്ക് നൽകുമോ? ഞാൻ തന്നെ പലപ്പോഴും മറ്റ് സ്റ്റേറ്റിലുള്ളവർ പങ്കെടുക്കാറുണ്ടോയെന്ന് ചോദിക്കാറുണ്ട്. അപ്പോൾ നമ്മൾ മാത്രമേയുള്ളൂവെന്ന് പറയും. പിന്നെ ഇംഗ്ലീഷിൽ അച്ചടിക്കേണ്ട കാര്യമില്ല. ചില ഡിപ്പാർട്ടുമെന്റുകൾ അഞ്ചാറു വർഷമായി ഇങ്ങനെയാണ്. ഇത് എന്റെ അനുഭവമാണ്. അതിന് ഗവൺമെന്റ് കർശനമായിട്ടുള്ള നിർദ്ദേശം കൊടുക്കുമോ?

ശ്രീ. പിണറായി വിജയൻ: സർ, ഇത്തരം കാര്യങ്ങളിൽ നല്ല ശ്രദ്ധ ചെലുത്തേണ്ടതായിട്ടുണ്ട്. മലയാളത്തിൽ തന്നെ അച്ചടിച്ച് പ്രസിദ്ധീകരിക്കേണ്ട കാര്യങ്ങൾ ഇംഗ്ലീഷിൽ കൊടുക്കേണ്ട യാതൊരു കാര്യവുമില്ല. മലയാളത്തിൽ തന്നെ പ്രസിദ്ധീകരിക്കാവുന്നതാണ്. ബഹുമാനപ്പെട്ട അംഗത്തിന്റെ നിർദ്ദേശം സ്വീകരിക്കാവുന്നതാണ്.

ശ്രീ. എം. സ്വരാജ്: സർ, ഒരു റസിഡൻഷ്യൽ സ്കൂളിൽ മലയാളത്തിൽ ഒരു

വാക്ക് സംസാരിച്ചതിന്റെ പേരിൽ കുറച്ച് വർഷങ്ങൾക്കുമുമ്പാണ് ഒരു വിദ്യാർത്ഥിയുടെ തല അദ്ധ്യാപകർ മുണ്ഡനം ചെയ്ത വാർത്ത പുറത്തുവന്നത്. അത് കേരളത്തിൽ വലിയ കോളിളക്കമുണ്ടാക്കിയ സംഭവമായിരുന്നു. ഇപ്പോഴും കേരളത്തിലെ പ്രൊഫഷണൽ കോളേജുകളുൾപ്പെടെ മലയാളഭാഷയിൽ എന്തെങ്കിലും ഒരു വാക്ക് സംസാരിച്ചാൽ കനത്ത പിഴ ഈടാക്കുന്നതായിട്ടുള്ള വാർത്തകൾ വന്നുകൊണ്ടിരിക്കുന്നു. ഇത് ഭാഷയുമായി ബന്ധപ്പെട്ടുള്ള കുറ്റകൃത്യമാണ്. ഇത്തരം കുറ്റകൃത്യങ്ങളെ പ്രത്യേകമായി തന്നെ കൈകാര്യം ചെയ്യാൻ ആവശ്യമായിട്ടുള്ള നടപടികൾ സ്വീകരിക്കുമോ?

ശ്രീ. പിണറായി വിജയൻ: സർ, ബിൽ നിയമമാകുന്നതോടെ ഇതിനെല്ലാം പരിഹാരമാകും എന്നുതന്നെയാണ് പ്രതീക്ഷിക്കുന്നത്.

ശ്രീ. എൻ. എ. നെല്ലിക്കുന്ന്: സർ, മലയാളം ഭരണഭാഷയും നിർബന്ധ ഭാഷയുമാക്കേണ്ട സംസ്ഥാനം കേരളം തന്നെയാണ്. കർണ്ണാടകയും മഹാരാഷ്ട്രയും അത് ആക്കുകയില്ല. നമ്മൾ മലയാളം നിർബന്ധമാക്കാൻ പോകുന്നുവെന്ന് കേട്ടപ്പോൾ തന്നെ കാസർഗോഡ് 'linguistic minority area' -ലെ ഭാഷാ ന്യൂനപക്ഷങ്ങൾക്ക് ചില ആശങ്കയും ഉത്കണ്ഠയും ഉണ്ടായിട്ടുണ്ട്. ബഹുമാനപ്പെട്ട മുഖ്യമന്ത്രിക്ക് അത് നന്നായറിയാം. ഈ ആശങ്കയും ഉത്കണ്ഠയും ദുരീകരിക്കുവാൻ

സർക്കാർ ശ്രമിക്കുമോ? മറ്റൊരു കാര്യം, പ്രൈമറി വിദ്യാഭ്യാസം മലയാളത്തിലാക്കണമെന്നുള്ള ഒരഭിപ്രായം പലഭാഗത്തുനിന്നും ഉയർന്നുവന്നിട്ടുണ്ട്. ഈ കാര്യത്തിൽ സർക്കാരിന്റെ നിലപാട് എന്താണെന്ന് വ്യക്തമാക്കുമോ?

ശ്രീ. പിണറായി വിജയൻ: സർ, ഭാഷാ ന്യൂനപക്ഷങ്ങൾക്ക് ഒരു തരത്തിലുള്ള ആശങ്കയും ഇക്കാര്യത്തിലുണ്ടാകേണ്ടതില്ല. നമ്മൾ ഊന്നൽ നൽകുന്നത് തന്നെ മാതൃഭാഷയിലൂടെയുള്ള പഠനം എന്നുള്ളതാണ്. അതാണ് മലയാളം ഇവിടെ പഠിക്കണമെന്ന് നമ്മൾ പറയാൻ കാരണം. ഭാഷാ ന്യൂനപക്ഷത്തിന്റെ പ്രശ്നത്തിൽ, കന്നഡയും തമിഴുമാണല്ലോ നമ്മുടെ സംസ്ഥാനത്തുള്ളത്. അവരുടെ ഭാഷ ആ ഭാഷയാണ്. സ്വാഭാവികമായും ബോധന മാധ്യമമായി അവർ എടുത്തിരിക്കുന്നത് കന്നഡ മേഖലയിൽ കന്നഡയും തമിഴ് മേഖലയിൽ തമിഴുമാണ്. അത് സ്വാഭാവികമായും തുടരും. അത് തുടരേണ്ടതില്ലെന്ന് പറഞ്ഞാൽ മാത്രമേ ഭാഷാ ന്യൂനപക്ഷ വിഭാഗങ്ങൾക്ക് പ്രയാസമുണ്ടാകുകയുള്ളൂ. അവർ കേരളത്തിൽ ജീവിക്കുകയാണ്; കേരള സംസ്ഥാനത്തിനകത്താണ് അവരുള്ളത് ; അവരും മലയാളം അറിഞ്ഞിരിക്കണം. അതുകൊണ്ട് മലയാള ഭാഷ കൂടി അവർ പഠിക്കണം. ബോധന മാധ്യമം ഏതാണോ, ആ ഭാഷ ന്യൂനപക്ഷ ഭാഷയായിക്കോട്ടെ, എന്നാൽ മലയാളം മറ്റൊരു ഭാഷയായി അവർ പഠിക്കണം. ഇതുമാത്രമേ അക്കാര്യത്തിൽ

പറയുന്നുള്ളൂ.

<u>ശ്രീ. മുല്ലക്കര രത്നാകരൻ:</u> സർ, നമ്മുടെ ഭാഷ നേരിടുന്ന വലിയ ഒരു പ്രശ്നം പുതിയതായി ശാസ്ത്രത്തിലും നിയമത്തിലും മറ്റു പലതിലുമുണ്ടാകുന്ന വാക്കുകൾക്കു പകരം മലയാള വാക്ക് ഉണ്ടാകുന്നില്ല എന്നതാണ്. അത്തരം വാക്കുകൾ തന്നെ മലയാളീകരിച്ച് മലയാളത്തിലേയ്ക്കാക്കണം. എല്ലാ ഭാഷകളും ചെയ്യുന്നത് അങ്ങനെയാണ്. അത്തരം ഗവേഷണങ്ങൾ തമിഴിൽ നടക്കുന്നതുപോലെയോ മറ്റ് വിദേശഭാഷകളിൽ നടക്കുന്നതുപോലെയോ മലയാളവുമായി ബന്ധപ്പെട്ട് നടക്കുന്നില്ല. മലയാള ഭാഷ ലോകഭാഷയായി അല്ലെങ്കിൽ നമ്മുടെ ഭാഷ ലോകത്തുള്ള മറ്റു ഭാഷകളുമായി ബന്ധപ്പെട്ട് വളരുന്നതിന് നിയമങ്ങൾ കൊണ്ടുവരുന്നതിനോടൊപ്പം ഭാഷ വളർത്തുന്നതിന് അത്തരം ഗവേഷണ സ്ഥാപനങ്ങൾ കൂടി മെച്ചപ്പെടുത്തേണ്ടതുണ്ട്. ഭാഷയെ പുതിയ വാക്കുകൾ ചേർത്ത് വളർത്തേണ്ടതുണ്ട്. അതിനുള്ള സൗകര്യങ്ങൾ കൂടി ഉണ്ടാക്കുമോ?

<u>ശ്രീ. പിണറായി വിജയൻ:</u> സർ, ഈ പറഞ്ഞ കാര്യം ശരിയാണ്. ബഹുമാന്യനായ അംഗം ചൂണ്ടിക്കാണിച്ചതുപോലെ മലയാള ഭാഷ സമ്പുഷ്ടമാകുന്നത് കൂടുതൽ പദങ്ങൾകൂടി വന്നുചേരുമ്പോഴാണ്. അതിന് കാലാനുസൃതമായി കൂടുതൽ പദങ്ങൾ വേണ്ടിവരും. അതിന് ഒരു തടസ്സവും ഇല്ല. സാധാരണ നിലയ്ക്ക് നമ്മൾ

എല്ലാവരും ഉപയോഗിക്കുന്ന ഭാഷയിൽ തന്നെ ഒട്ടേറെ മലയാളമല്ലാത്ത പദങ്ങൾ ഉണ്ടാകും. എന്നാൽ അത് മലയാള പദമായി മാറിക്കഴിഞ്ഞിട്ടുണ്ട്. ആ തരത്തിൽ ബഹുമാന്യനായ അംഗം ചൂണ്ടിക്കാണിച്ചതുപോലെ ശാസ്ത്ര-സാങ്കേതിക രംഗത്തുള്ള ചില പദങ്ങൾക്ക് വേറെ പദം കണ്ടുപിടിക്കുന്നതിനു പകരം ആ പദം തന്നെ സ്വീകരിക്കാൻ കഴിയും. യോജിച്ച മലയാള പദം ഉണ്ടെങ്കിൽ അതും കണ്ടുപിടിക്കാം. അദ്ദേഹം നിർദ്ദേശിച്ചതുപോലെ അതിനുതകുന്ന നടപടികൾ സ്വീകരിക്കാവുന്നതാണ്.

ശ്രീ. പി. കെ. ബഷീർ: സർ, മലയാളം നിർബന്ധ ഭാഷയാക്കുന്നത് നല്ല കാര്യമാണ്. ഇവിടെ ബഹുമാന്യനായ മുരളീധരൻ എം.എൽ.എ ചോദിച്ചപ്പോൾ ക്ഷണക്കത്തുകളിൽ മലയാളം ഉപയോഗിക്കണമെന്ന് പറഞ്ഞു. പല സംസ്ഥാനങ്ങളിലേയ്ക്ക് നമുക്ക് യാത്ര ചെയ്യേണ്ടി വരും. ഉദാഹരണത്തിന് ബാംഗ്ലൂരിലേയ്ക്കോ, ഹൈദരാബാദിലേയ്ക്കോ പോയാൽ അവിടെ കന്നട ഭാഷയിൽ എഴുതിയാൽ നമുക്ക് എങ്ങനെ കന്നട മനസിലാകും? എന്നാൽ അതിന് അടിയിൽ ഇംഗ്ലീഷിൽ എഴുതിയാൽ ഈ സ്ഥലത്തേയ്ക്ക് ഇത്ര ദൂരം എന്ന് മനസ്സിലാക്കാൻ കഴിയും. മലയാളത്തിൽ തന്നെ എനിക്ക് പല അഭിപ്രായ വ്യത്യാസവുമുണ്ട്. കാരണം ഏതാണ് ശുദ്ധഭാഷ എന്ന് പറയാൻ കഴിയുമോ?

ഇടുക്കിയിൽ ഒരു ഭാഷ, ഏറനാട്ടിൽ ഒരു ഭാഷ, തൃശ്ശൂരിൽ ഒരു ഭാഷ. അങ്ങനെയാണ് സ്ഥിതി.

മി. സ്പീക്കർ : ആധുനിക മലയാള ഭാഷയ്ക്ക് കുറേ സംഭാവന ചെയ്യുന്ന ആളാണ് അങ്ങ്.

ശ്രീ. പി. കെ. ബഷീർ : അന്യസംസ്ഥാനത്തുനിന്ന് ഒരാൾ വന്നാൽ പൊതുമരാമത്ത് വകുപ്പിന്റെ ബോർഡ് മലയാളത്തിൽ മാത്രം എഴുതിയാൽ മതിയാകില്ല. അതിന് താഴെ ഇംഗ്ലീഷിലും ഉണ്ടായിരിക്കണം. നമ്മൾ മറ്റ് സംസ്ഥാനങ്ങളിൽ പോകുമ്പോൾ ട്രെയിനിലെ കോച്ചുകളിൽ തെലുങ്ക് ഭാഷയിൽ എഴുതിയിട്ടുണ്ടാകാം. അതിന് അടിയിൽ ഇംഗ്ലീഷ് ഉണ്ടെങ്കിൽ നമുക്ക് അത് മനസ്സിലാകും. സ്കൂളുകളിലും നാട്ടിലുമെല്ലാം മലയാള ഭാഷ പഠിക്കണം. എന്നാൽ നമ്മുടെ റോഡുകളിൽ പി.ഡബ്ല്യൂ.ഡി. ബോർഡുകൾ വയ്ക്കുമ്പോൾ മലയാളത്തിന്റെ കൂടെ ഇംഗ്ലീഷ് കൂടി വയ്ക്കണം. സാക്ഷരതാ സംസ്ഥാനമായ കേരളം മറ്റ് സംസ്ഥാനങ്ങൾക്ക് മാതൃകയാകാൻ ഇത്തരമൊരു നടപടി സ്വീകരിക്കുമോ എന്നാണ് എനിക്ക് ചോദിക്കാനുള്ളത്.

ശ്രീ. പിണറായി വിജയൻ: സർ, നമ്മൾ ഒരു ഘട്ടത്തിലും അനാവശ്യമായ തരത്തിലുള്ള ഭാഷാ ഭ്രാന്തൊന്നും കാണിച്ചിട്ടില്ല. പ്രായോഗികമായ നിലപാടുകൾ

മാത്രമേ എല്ലാകാലത്തും സ്വീകരിച്ച് പോന്നിട്ടുള്ളു. ബഹുമാന്യനായ അംഗം ചൂണ്ടിക്കാണിച്ച തരത്തിലുള്ള പ്രായോഗിക പ്രശ്നം ഏതെങ്കിലും തരത്തിൽ ഉയർന്നു വരുന്നുണ്ടെങ്കിൽ അത് പരിഹരിക്കാവുന്നതാണ്. ശബരിമലയിലൊക്കെ പോകുന്ന ആളുകൾ പുറമെ നിന്ന് വരുമ്പോൾ ശബരിമലയിലേയ്ക്ക് പോകുന്ന റൂട്ട് മനസ്സിലാകാതെ വിഷമിക്കുന്നുവെന്ന് ഇതുവരെ കേട്ടിട്ടില്ല. അങ്ങനെ ഉണ്ടെങ്കിൽ നമുക്ക് ആ പ്രശ്നം പരിഹരിക്കാവുന്നതാണ്.

<u>ശ്രീമതി വീണാ ജോർജ്ജ്</u>: സർ, മാതൃഭാഷയെ പ്രോത്സാഹിപ്പിക്കുന്നതിനു വേണ്ടി സർക്കാർ ആവിഷ്ക്കരിക്കുന്ന നടപടികളെ വളരെ അഭിമാനത്തോടെ അഭിനന്ദിക്കുകയാണ്. എന്നാൽ ഇംഗ്ലീഷ് അറിയാത്ത സാധാരണക്കാരെ സംബന്ധിച്ചിടത്തോളം അവരുടെ കൈയിൽ കിട്ടുന്ന പല കാര്യങ്ങളും ഇംഗ്ലീഷിലാണ്. സൂപ്പർമാർക്കറ്റുകളിൽ പോകുമ്പോൾ അടുക്കളയിൽ ഉപയോഗിക്കുന്ന പല സാധനങ്ങളുടേയും ബിൽ, ഉദാഹരണത്തിന് കൊറിയാണ്ടർ എന്നുള്ളത് മലയാളത്തിൽ എന്താണെന്ന് മനസ്സിലാക്കാൻ സാധാരണക്കാർക്ക് സാധിക്കുന്നില്ല. ബില്ലിങ്ങ് മലയാളത്തിൽ ആക്കുവാനുള്ള ഒരു തീരുമാനം ഉണ്ടാകുമോ? അതോടൊപ്പം സർക്കാർ ആശുപത്രികളിൽ ഇംഗ്ലീഷിലാണ് മരുന്നുകളുടെ കുറിപ്പ് എഴുതുന്നത്. അതും വായിക്കാൻ സാധാരണക്കാർക്ക്

കഴിയുന്നില്ല. മലയാളത്തിൽ കൂടി മരുന്നുകളുടെ പേര് എഴുതി നൽകുന്ന ഒരു രീതി സ്വീകരിക്കുമോ? അത്തരത്തിൽ സാധാരണക്കാർക്ക് പ്രയോജനപ്പെടുന്ന രീതിയിൽ മാതൃഭാഷ ഉപയോഗിക്കുന്നത് സംബന്ധിച്ച് തീരുമാനങ്ങൾ ഉണ്ടാകുമോ?

ശ്രീ. പിണറായി വിജയൻ: സർ, മലയാളം വ്യാപകമാക്കണമെന്ന് വരുമ്പോൾ ഉണ്ടാകുന്ന പ്രായോഗിക പ്രശ്നങ്ങളാണ് ഇത്. അവ ഓരോന്നിന്റേയും നില പരിശോധിച്ച് ഉചിതമായ നിലപാട് എടുക്കാം.

ഡോ. എൻ. ജയരാജ്: സർ, സ്കൂളുകളിലേയ്ക്ക് മലയാളം നിർബന്ധിത ഭാഷയായി കൊണ്ടുവരുന്നതിനോടൊപ്പം സി.ബി.എസ്.ഇ. സ്കൂളുകളിൽ മലയാളം നിർബന്ധിത ഭാഷയാക്കണം എന്നൊരു ആശയം ബില്ലിനകത്തുണ്ട്. പുതിയ സ്കൂളുകൾക്ക് എൻ.ഒ.സി കൊടുക്കുമ്പോൾ ആ വിഷയം ഉണ്ടാകുന്നില്ല. എന്നാൽ നിലവിലുള്ള സി.ബി.എസ്.ഇ. ഉൾപ്പെടെയുള്ള മറ്റ് സിലബസ്സുകളുള്ള സ്കൂളുകളിൽ അവർ അതെങ്ങനെ നടപ്പാക്കും എന്നുള്ള ഒരു പ്രായോഗിക പ്രശ്നം തീർച്ചയായും ഉണ്ടാകും. ഇക്കാര്യത്തിൽ എന്ത് സമീപനമാണ് ഗവൺമെന്റ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നത്? നിയമം പാസ്സായി കഴിയുമ്പോൾ ഉണ്ടാകുന്ന ഒരു പ്രായോഗിക ബുദ്ധിമുട്ടുണ്ട്. പല സ്കൂളുകൾക്കും എൻ.ഒ.സി. കൊടുത്തു കഴിഞ്ഞതാണ്. ആ സ്കൂളുകളെ നമുക്ക് നിർബന്ധിക്കാൻ കഴിയുമോ? കാരണം അത് സെൻട്രൽ

സിലബസ്സുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുന്ന സ്കൂളുകളാണ്. കേരളത്തിലെ സിലബസ്സായാൽ പ്രശ്നമില്ല. അത്തരം സ്കൂളുകളിൽ എങ്ങനെയാണ് ഇത് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത് എന്ന് വ്യക്തമാക്കാമോ?

ശ്രീ. പിണറായി വിജയൻ: സർ, നമ്മുടെ സംസ്ഥാനത്തുള്ള വിദ്യാലയങ്ങളിൽ പഠിക്കുന്ന കുട്ടികൾക്ക് മലയാളം പഠിക്കാനുള്ള സൗകര്യം ഉണ്ടാക്കണമെന്നുള്ളതാണ് നമ്മൾ ഉദ്ദേശിക്കുന്നത്. അതിന്റെ ഭാഗമായി ബഹുമാന്യനായ അംഗം ചൂണ്ടിക്കാണിച്ചതുപോലുള്ള സ്കൂളുകളിൽ ഉയർന്ന ക്ലാസിലുള്ള കുട്ടികൾക്ക് ഇപ്പോൾ തന്നെ മലയാളം പഠിപ്പിക്കുക എന്നു പറഞ്ഞാൽ പ്രായോഗികമായി വിഷമമുണ്ടാകും. അവർ ചെറിയ ക്ലാസ്സു മുതൽ പഠിച്ചിട്ടില്ല. എന്നാൽ ഒന്നാം തരത്തിൽ ചേരുന്ന കുട്ടിക്ക് മലയാളം പഠിക്കുന്നതിൽ എന്താണ് പ്രയാസം? മലയാളം ഒരു ഭാഷയായി പഠിക്കുന്നതിന് ഒരു പ്രയാസവും അവിടെയില്ല. അവിടെ ബോധന മാധ്യമം മലയാളമാക്കണമെന്ന് നമ്മൾ നിർബന്ധിക്കുന്നില്ല. എന്നാൽ മലയാളം ഒരു ഭാഷയായി പഠിച്ചിരിക്കണം. അതിന് മറ്റു പ്രയാസങ്ങൾ ഇല്ലാതെ നടപ്പാക്കാൻ കഴിയുന്നതാണ്. ഇതു മാത്രമാണ് നാം നിർബന്ധിക്കുന്നത്.

(*304) ശ്രീ. കെ. വി. വിജയദാസ്:
ശ്രീ. സി. കൃഷ്ണൻ:

ശ്രീ. ആന്റണി ജോൺ:

ശ്രീ. എസ്. രാജേന്ദ്രൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഭക്ഷ്യഭദ്രത നിയമം അനുശാസിക്കുന്ന തരത്തിൽ റേഷൻ കടകൾ നവീകരിക്കുന്ന പ്രവൃത്തികൾ പൂർത്തിയായിട്ടുണ്ടോ;

(ബി) വാതിൽപ്പടി വിതരണം ആരംഭിച്ചിട്ടുണ്ടോ; ഇലക്ട്രോണിക് പോയിന്റ് ഓഫ് സെയിൽ ഉപകരണങ്ങൾ സ്ഥാപിക്കുന്നത് പൂർത്തിയായിട്ടുണ്ടോ;

(സി) റേഷൻ റീട്ടെയിൽ വ്യാപാരികൾക്ക് അനുവദിച്ചു വരുന്ന കമ്മീഷൻ വർദ്ധിപ്പിച്ചിട്ടുണ്ടോ; എങ്കിൽ എത്രയാണ്; കമ്മീഷൻ അപര്യാപ്തമെന്ന പേരിൽ കരിഞ്ചന്ത വിൽപ്പന നടത്തുന്നവരെയും അല്ലെങ്കിൽ വ്യാപാരം തന്നെ അവസാനിപ്പിച്ച് ഉപഭോക്താക്കൾക്ക് ബുദ്ധിമുട്ടുണ്ടാക്കുന്നവരെയും നിയന്ത്രിക്കാനായി സ്വീകരിച്ചിട്ടുള്ള മാർഗ്ഗങ്ങൾ എന്തൊക്കെയെന്ന് അറിയിക്കാമോ?

ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി (ശ്രീ. പി. തിലോത്തമൻ): സർ,

(എ) ഇല്ല.

(ബി) വാതിൽപ്പടി വിതരണം ആരംഭിച്ചിട്ടുണ്ട്. എന്നാൽ ഇലക്ട്രോണിക് പോയിന്റ് ഓഫ് സെയിൽ ഉപകരണങ്ങൾ സ്ഥാപിക്കുന്നത് പൂർത്തിയായിട്ടില്ല.

(സി) സംസ്ഥാനത്തെ റേഷൻ റീട്ടെയിൽ വ്യാപാരികൾക്ക് 01.01.2015 മുതൽ

ക്വിന്റലിന് പരമാവധി 60/- രൂപയിൽ നിന്നും പരമാവധി 100/- രൂപയായി കമ്മീഷൻ വർദ്ധിപ്പിച്ചിട്ടുണ്ട്. ദേശീയ ഭക്ഷ്യ ഭദ്രതാ നിയമം, 2013 സംസ്ഥാനത്ത് പൂർണ്ണതോതിൽ നടപ്പാക്കുമ്പോൾ റേഷൻ കടകൾ വഴിയുള്ള റേഷൻ വിതരണം ഇ-പോസ് മെഷീൻ വഴി ആധാർ അധിഷ്ഠിത കാർഡുകളിലൂടെയും ബയോമെട്രിക് രീതിയിലുള്ള തിരിച്ചറിയൽ മുഖേനയും യഥാർത്ഥ ഗുണഭോക്താക്കളെ കണ്ടെത്തുന്നതിനാൽ റേഷൻ വിതരണത്തിൽ ക്രമക്കേടുകൾ നടത്തുവാൻ സാധിക്കുന്നതല്ല. കൂടാതെ, റേഷൻ ഡിപ്പോകളിൽ സ്റ്റോക്ക് എത്തിച്ചേരുമ്പോളും കാർഡ് ഉടമയുടെ പേരിൽ ബില്ല് ചെയ്യുമ്പോഴും എസ്.എം.എസ്. സംവിധാനം മുഖേന കാർഡുടമയ്ക്ക് അറിയിപ്പ് നൽകുന്നത് വഴി റേഷൻ സാധനങ്ങളുടെ ദുരുപയോഗം തടയാൻ സാധിക്കുന്നതാണ്.

<u>ശ്രീ. കെ. വി. വിജയദാസ്</u>: സർ, സംസ്ഥാനത്തെ ഉത്സവ കാലങ്ങളിൽ കേന്ദ്രപൂളിൽനിന്നും സംസ്ഥാനത്തിന് ലഭിക്കേണ്ട അധിക അരിവിഹിതവും മാതൃശിശുക്ഷേമ പദ്ധതികൾക്കും ഉച്ചക്കഞ്ഞി വിതരണത്തിനുമുള്ള സൗജന്യ നിരക്കും അതോടൊപ്പം അധിക ധാന്യവിഹിതവും നേടിയെടുക്കാൻ കഴിഞ്ഞ യു.ഡി.എഫ്. സർക്കാരിന് സാധിച്ചില്ല എന്നുള്ളത് ഒരു വസ്തുതയാണ്. ഇതിനെല്ലാം കേന്ദ്ര നിയമത്തിൽ വ്യവസ്ഥയുള്ളതാണ്. ഇക്കാര്യം കേന്ദ്ര ഗവൺമെന്റിന്റെ

ശ്രദ്ധയിൽപ്പെടുത്തി അത് നേടിയെടുക്കാനാവശ്യമായ നടപടി സ്വീകരിക്കുമോ?

ശ്രീ. പി. തിലോത്തമൻ: സർ, അധിക ധാന്യവിഹിതം സംബന്ധിച്ച് നേരത്തേ പറഞ്ഞതാണ്. കേന്ദ്ര ഗവൺമെന്റിനോട് ആവശ്യപ്പെട്ടുവെങ്കിലും നമുക്ക് ലഭിച്ചിട്ടില്ല. സ്കൂൾ വിദ്യാർത്ഥികൾക്കുള്ളതെല്ലാം വേറെ അലോട്ട്മെന്റാണ്.

ശ്രീ. സി. കൃഷ്ണനു വേണ്ടി (ശ്രീ. കെ. സുരേഷ് കുറുപ്പ്): സർ, വാതിൽപ്പടി വിതരണം പരീക്ഷണാർത്ഥം നടപ്പാക്കുന്നത് തൃപ്തികരമായാണ് പോകുന്നത്. വാതിൽപ്പടി വിതരണം പൂർണ്ണമായി വരുമ്പോൾ റേഷൻ കടകളുടെ സ്ഥിതി എന്താകും?

ശ്രീ. പി. തിലോത്തമൻ: സർ, വാതിൽപ്പടി വിതരണം പൈലറ്റ് പ്രോജക്ടായി ആരംഭിച്ചിട്ടുണ്ട്. മാർച്ച് മാസം മുതൽ കൊല്ലത്ത് വാതിൽപ്പടി വിതരണം നടത്തുന്നുണ്ട്. ഒരു മാസത്തെ അനുഭവത്തിൽനിന്ന് മനസ്സിലാക്കാൻ കഴിഞ്ഞത് നമ്മുടെ റേഷൻകടകളിലെ അരി മിച്ചമാണ് എന്നതാണ്. അതുകൊണ്ട് രണ്ടാം പ്രയോറിറ്റി ലിസ്റ്റ് കഴിഞ്ഞ് നോൺ പ്രയോറിറ്റി ലിസ്റ്റിലെ സെയിൽസ് സബ്സിഡി വിഭാഗത്തിൽപ്പെടുന്ന 121 ലക്ഷം പേരിൽ ഒരാൾക്ക് 2 കിലോഗ്രാം അരി എന്നുള്ളത് 3 കിലോഗ്രാമായി വർദ്ധിപ്പിച്ചിട്ടുണ്ട്.

ശ്രീ. ആന്റണി ജോൺ: സർ, റേഷൻ കടകളുടെ പ്രവർത്തനം കൂടുതൽ

കാര്യക്ഷമമായി മുന്നോട്ടുകൊണ്ടുപോകുന്നതിന് വേണ്ടി സിവിൽ സപ്ലൈസ് കോർപ്പറേഷന്റെ സ്റ്റോറുകൾ വഴി വിൽക്കുന്ന അവശ്യ സാധനങ്ങൾ കൂടി റേഷൻകടകൾ വഴി ലഭ്യമാക്കാൻ അനുമതി നൽകുക വഴി റേഷൻ കടകളെ പുതിയ രൂപത്തിലേയ്ക്ക് മാറ്റാനുള്ള ഇടപെടൽ നടത്തുമോ?

ശ്രീ. പി. തിലോത്തമൻ: സർ, എൻ.എഫ്.എസ്.എ. പൂർണ്ണമായി നടപ്പാക്കിയതിനുശേഷം ബഹുമാന്യനായ അംഗം പറഞ്ഞ കാര്യം കൂടി പരിഗണിക്കുന്നതാണ്.

ശ്രീ. എസ്. രാജേന്ദ്രൻ : സർ, റേഷൻ കടകളിൽ വിൽപ്പന ചെയ്യുന്ന സെയിൽസ്മാൻമാരുടെ നിയമനവുമായി ബന്ധപ്പെട്ട് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്? ഒരു റേഷൻകടയിലേയ്ക്ക് ഉപഭോക്താക്കൾക്ക് വന്ന് ചേരാനുള്ള ദൂരം നിശ്ചയിച്ചിട്ടുണ്ടോ? അത് സംബന്ധിച്ച് വ്യക്തമാക്കുമോ?

ശ്രീ. പി. തിലോത്തമൻ: സർ, നമ്മുടെ സംസ്ഥാനത്ത് 14,335 റേഷൻകടകളാണ് നിലവിലുള്ളത്. ഈ റേഷൻകടകളിൽ പരിശോധന നടത്തിയപ്പോൾ ഒരു ചെറിയ വിഭാഗമെങ്കിലും റേഷൻകടകൾ 300-350 റേഷൻ കാർഡിന് താഴെയുള്ളതാണ്. അതോടൊപ്പം വളരെ ചെറിയൊരു വിഭാഗം റേഷൻകടകൾ 1500-2000 റേഷൻകാർഡുകൾ ഉള്ളതുവരെയുണ്ട്. ഇത്

പരിഗണിച്ച് ആവശ്യമായ പുന:സംവിധാനം ചെയ്യണം എന്ന് ഗവൺമെന്റ് ആലോചിക്കുന്നുണ്ട്. അതൊക്കെ ഭാവിയിൽ ചെയ്യേണ്ട കാര്യങ്ങളാണ്. വളരെയധികം ദൂരം സഞ്ചരിച്ച് റേഷൻ വാങ്ങാൻ പോകേണ്ട സ്ഥിതി ആദിവാസി മേഖലകളിലാണ് ഇപ്പോഴുള്ളത്. അതിന് പ്രത്യേകമായ മൊബൈൽ സംവിധാനം ഉൾപ്പെടെ ഏർപ്പെടുത്താനുള്ള ആലോചന ഇപ്പോഴുണ്ട്.

മി. സ്പീക്കർ: ഓർഡർ... ഓർഡർ... ചോദ്യോത്തരവേള അവസാനിച്ചിരിക്കുകയാണ്.

(ചോദ്യോത്തരസമയം കഴിഞ്ഞു.)